കേരള സർക്കാർ
കാർഷികവികസന കർഷകക്ഷേമ വകുപ്പ്

# ഹരിതഗാഥ

## കേരളത്തിലെ കർഷക പ്രതിഭകൾ

**സംസ്ഥാന കർഷക അവാർഡ് 2017**




2018 ആഗസ്റ്റ് 16
സഫാരി ഗ്രൗണ്ട്,
എടപ്പാൾ, മലപ്പുറം

**ഫാം ഇൻഫർമേഷൻ ബ്യൂറോ**

കേരള സർക്കാർ
കാർഷികവികസന കർഷകക്ഷേമ വകുപ്പ്

# ഹരിതഗാഥ

## കേരളത്തിലെ കർഷക പ്രതിഭകൾ

**സംസ്ഥാന കർഷക അവാർഡ് 2017**

ഫാം ഇൻഫർമേഷൻ ബ്യൂറോ

# ഹരിതഗാഥ

*കേരളത്തിലെ കർഷക പ്രതിഭകൾ*
*സംസ്ഥാന കർഷക അവാർഡ്– 2017*


*കടപ്പാട്*
**ജസ്റ്റിൻ മോഹൻ ഐ.എഫ്.എസ്.**
*ഡയറക്ടർ,*
*കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്*

ചീഫ് എഡിറ്റർ
**കെ.എസ്. ലാലി**
*പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ*
*ഫാം ഇൻഫർമേഷൻ ബ്യൂറോ*

*ഏകോപനം*
**സാലി വി. ജോസഫ്**
*ജോയിന്റ് ഡയറക്ടർ, (എ.ആർ. & റ്റി)*
*കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്*
**ഡോ. ടി.വി. രാജേന്ദ്രലാൽ**
*കൃഷി ഡെപ്യൂട്ടി ഡയറക്ടർ, (മീഡിയ ലെയ്സൺ)*
*ഫാം ഇൻഫർമേഷൻ ബ്യൂറോ*
**ഹസീന ബീവി എ.**
*കൃഷി അസിസ്റ്റന്റ് ഡയറക്ടർ,*
*കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്*
**വിഷ്ണു എസ്.പി.**
*അഗ്രിക്കൾച്ചറൽ ഓഫീസർ*
*ഫാം ഇൻഫർമേഷൻ ബ്യൂറോ*

എഡിറ്റർ
**ബി.കെ. അനിൽ**
*കൃഷി അസിസ്റ്റന്റ് ഡയറക്ടർ*
*ഫാം ഇൻഫർമേഷൻ ബ്യൂറോ*

കവർ & ലേഔട്ട്
**ഗ്രാമ്പിൾസ് കമ്മ്യൂണിക്കേഷൻസ്**

*ഫാം ഇൻഫർമേഷൻ ബ്യൂറോ(2018)*




കേരള സർക്കാർ
കാർഷികവികസന
കർഷകക്ഷേമ വകുപ്പ്

# സന്ദേശം



കാർഷികവൃത്തി അന്യംനിന്നുപോകുന്ന അവസ്ഥയിൽ നിന്ന് കർഷകർക്കും കൃഷിയിലേയ്ക്ക് കടന്നുവരുന്ന യുവതലമുറയ്ക്കും വേണ്ട പിന്തുണയും ക്ഷേമവും ഉറപ്പുവരുത്തി കൃഷിയെ ഒന്നാംകിട പ്രവൃത്തിയായി മാറ്റിയെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കേരളീയർക്ക് നെൽകൃഷി എന്നല്ല എല്ലാവിധ കൃഷിയോടുമുള്ള താൽപര്യം കുറയുന്നുവോ എന്ന് സംശയിച്ചിരുന്ന കാലത്താണ് കൃഷിയെ ഒരു ജനകീയ മുന്നേറ്റമാക്കുക എന്ന ലക്ഷ്യവുമായി ഈ ഗവൺമെന്റ് അധികാരമേൽക്കുന്നത്. അതിന്റെ ഫലമായി ഇന്ന് വിളസമൃദ്ധിയുടെ കാഴ്ചകൾ നമ്മുടെ ചുറ്റുപാടും ദൃശ്യമാണ്. കഠിന പ്രയത്നത്തിലൂടെ വിജയത്തിനായി കൈകോർത്ത് പ്രവർത്തിച്ച കർഷക സമൂഹവും കൃഷി വകുപ്പ് ഉദ്യോഗസ്ഥരും, സമൂഹത്തിലെ നാനാതലത്തിലുള്ളവരും ഈ മുന്നേറ്റത്തിന്റെ ഭാഗഭാക്കുകളാണ്. ഈ വിജയം പകർന്ന ആത്മവിശ്വാസം ഇന്ന് കാർഷിക മേഖലയിൽ പ്രകടമാണ്. പ്രതിസന്ധികളോട് പടപൊരുതി നാട്ടിനെ ഊട്ടുന്ന കർഷകസമൂഹം ഏറെ ആദരവും പിന്തുണയും അർഹിക്കുന്നു. കേരള സമൂഹത്തിന് കർഷകരോടുള്ള പ്രതിബന്ധതയും ആദരവും ഊട്ടിയുറപ്പിക്കാനുള്ളതാണ് കർഷകദിനം. ഓരോ പഞ്ചായത്തിലെയും മികച്ച കർഷകർ മുതൽ സംസ്ഥാനത്തെ ഏറ്റവും മികച്ച കർഷകർ വരെ ഈ ദിനത്തിൽ ആദരിക്കപ്പെടുകയാണ്. കർഷകരും വികസനോദ്യോഗസ്ഥരും ഇന്ന് ഇവിടെ സംസ്ഥാന കർഷക അവാർഡുകൾ ഏറ്റുവാങ്ങുന്നു.

കൃഷിവകുപ്പു മന്ത്രി എന്ന നിലയിൽ, നിരവധി വെല്ലുവിളികൾ അഭിമുഖീകരിക്കുന്ന കൃഷിയെ ആധുനീവത്ക്കരിക്കുന്നതിനുള്ള സർക്കാരിന്റെ കാഴ്ചപ്പാടിലേയ്ക്ക്, അത് നയിക്കുന്നതിനുവേണ്ടി ഊർജ്ജസ്വലമായി തടസ്സങ്ങളെയെല്ലാം അതിജീവിച്ച് മുന്നോട്ട് നയിക്കാൻ കഴിഞ്ഞു എന്നതിൽ ഞാൻ കൃതാർത്ഥനാണ്.

കൃഷിയിലെ വിപുലീകരണത്തിലും വിവര വിജ്ഞാനത്തിന്റെ പ്രചരണത്തിലും പരിസ്ഥിതി സംരക്ഷിത കൃഷിയിലും, സുസ്ഥിരതയിലും ഒരു വലിയ കാൽവയ്പ് നടത്തിയ കാലഘട്ടമാണിത്. കർഷകർക്കും കൃഷിയിലേയ്ക്ക് പുതുതായി കടന്നുവരുന്ന ഏവർക്കും സഹായവും പിന്തുണയും തുടർന്നും നൽകുമെന്ന് ഞാൻ ഉറപ്പുനൽകുന്നു.

**2017 ലെ സംസ്ഥാനതല കാർഷിക അവാർഡുകൾ നേടിയ എല്ലാ വിജയികൾക്കും എന്റെ അഭിനന്ദനങ്ങൾ**

ഏവർക്കും എന്റെ ഓണാശംസകൾ.

**അഡ്വ. വി. എസ്. സുനിൽകുമാർ,**
കൃഷിവകുപ്പു മന്ത്രി



കേരള സർക്കാർ
കാർഷികവികസന
കർഷകക്ഷേമ വകുപ്പ്

# സന്ദേശം



കാർഷിക സംസ്ഥാനമായ കേരളത്തിൽ നവീനമായ കൃഷി രീതികളും, ജൈവ കാർഷിക മുറകളും പ്രാവർത്തികമാക്കുക വഴി കാർഷിക രംഗത്തെ ഉന്നതിയിലേയ്ക്ക് നയിക്കാൻ സാധിച്ചു. അതിൽ യുവകർഷകർ സജീവമായി രംഗത്തുവന്നു എന്നത് ആഹ്ലാദകരമായ സത്യമാണ്. കർഷകരുടെ കഠിനപ്രയത്നവും കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ കൂട്ടായ പരിശ്രമവും പ്രഗത്ഭരുടെ നിസ്വാർത്ഥമായ സഹകരണവും കൃഷി ആദായകരമായ വരുമാനമാർഗമാക്കിയെടുക്കാനായി നമുക്ക് സാധിച്ചു. ഈ മഹനീയ നേട്ടം കൈവരിക്കാൻ സഹായിച്ച കർഷകരെയും കാർഷിക ഉദ്യോഗസ്ഥരെയും പ്രഗത്ഭരെയും ആദരിക്കുക എന്നത് ഒരു ഭാഗ്യമായി കരുതുന്നു. കർഷക പ്രതിഭകളെ സമുചിതമായി അംഗീകരിച്ച് ആദരിക്കുന്ന ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

അവാർഡ് ജേതാക്കളെ ഹൃദയത്തിന്റെ ഭാഷയിൽ അഭിനന്ദിക്കുന്നതിനൊപ്പം തുടർന്നുള്ള കാർഷികവൃത്തിയിൽ അവർക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

**ദേവേന്ദ്രകുമാർ സിൻഹ ഐ.എ.എസ്.**
കാർഷികോത്പാദന കമ്മീഷണർ
കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്



കേരള സർക്കാർ
കാർഷികവികസന
കർഷകക്ഷേമ വകുപ്പ്

# സന്ദേശം



കാർഷിക മേഖല ഇന്ന് സ്വയംപര്യാപ്തതയിലേയ്ക്കുള്ള കുതിപ്പിലാണ്. കാർഷിക വികസനത്തിന് ഊർജ്ജവും ഉത്തേജനവും നൽകാനും കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനുമായി പരസ്പരബന്ധിതവും സുസ്ഥിരവുമായ ഒരു കാർഷിക മേഖല കെട്ടിപ്പടുക്കുവാൻ കർഷകരുടേയും കൃഷി മൃഗസംരക്ഷണ ക്ഷീര മേഖലയിലെ ഉദ്യോഗസ്ഥരുടേയും, മറ്റ് നാനാതുറകളിലുമുള്ള പ്രഗത്ഭരുടേയും ശ്രമഫലമായി നേടാൻ കഴിഞ്ഞിട്ടുണ്ട്. അതിനുള്ള അംഗീകാരമാണ് കർഷകദിനത്തിൽ കർഷകരെ ആദരിക്കലും അവാർഡ് ദാനവും.

കൃഷിയിൽ പുതുതലമുറ സജീവമായി പങ്കെടുക്കുന്ന ഒരു സംസ്ക്കാരം വളർത്തിയെടുക്കാനും കൃഷി രസകരവും ആദായകരവുമായ ഒരു ജീവിതശൈലിയാണെന്ന് തിരിച്ചറിയാനും ഈ അവാർഡ് ദാനം പ്രചോദനമാകട്ടെ എന്ന് ആശംസിക്കുന്നു.

2017 വർഷത്തെ സംസ്ഥാനതല കാർഷിക അവാർഡുകൾ നേടിയ കർഷകരുടെ വിജയകഥകൾ സംക്ഷിപ്തമായി ക്രോഡീകരിച്ച് ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരിക്കുന്ന കൈപുസ്തകമാണ് 'ഹരിതഗാഥ'.

എല്ലാ അവാർഡ് ജേതാക്കൾക്കും എന്റെ അനുമോദനങ്ങൾ.

**ജസ്റ്റിൻ മോഹൻ ഐ.എഫ്.എസ്.**
ഡയറക്ടർ
കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്

# മിത്രനികേതൻ പത്മശ്രീ. ശ്രീ.കെ.വിശ്വനാഥൻ മെമ്മോറിയൽ നെൽക്കതിർ അവാർഡ്

5 ലക്ഷം രൂപ, ഫലകം, പ്രശംസാപത്രം

## ആലക്കോട് പാടശേഖരസമിതി,

പാലക്കാട് (കൃഷിഭവൻ പല്ലശ്ശന)

ഗ്രൂപ്പ് അടിസ്ഥാനത്തിൽ വിജയകരമായി കൃഷി ചെയ്യുന്ന ഏറ്റവും മികച്ച പാടശേഖര സമിതിക്ക് ഏർപ്പെടുത്തിയിരിക്കുന്ന അവാർഡാണിത്. പാലക്കാട് ജില്ലയിലെ പല്ലശ്ശന കൃഷിഭവൻ പരിധിയിൽ വരുന്ന ആലക്കോട് പാടശേഖര നെല്ലുൽപാദകസമിതിയാണ് ഇത്തവണ മികച്ച പാടശേഖര സമിതിക്കുള്ള അവാർഡ് കരസ്ഥമാക്കിയിരിക്കുന്നത്. 82.5 ഹെക്ടർ വിസ്ത്രിതിയുള്ള ഈ പാടശേഖര സമിതിയിൽ 198 കർഷകർ അംഗങ്ങളും, നിലം ഒരുക്കുന്നതു മുതൽ നെല്ല് സംഭരണം വരെയുള്ള സംയോജിത കൃഷി രീതികൾ ഒത്തൊരുമയോടെ ചെയ്തു വരുന്നു. സമിതിയുടെ നേതൃത്വത്തിൽ തോടുകൾ, നീർച്ചാലുകൾ എന്നിവ വൃത്തിയാക്കി സ്വാഭാവിക ജല സേചന സൗകര്യം ഒരുക്കുന്നതിനോടൊപ്പം, മലമ്പുഴ അണക്കെട്ടിലെ വെള്ളം ഉപയോഗപ്പെടുത്തി ഇരുപ്പൂ കൃഷി ചെയ്യുന്നു. ഇടവിള യായി വിവിധയിനം പച്ചക്കറികൾ, ഉഴുന്ന്, മുതിര എന്നിവ സ്ത്രീ സഹരകണത്തോടെ ചെയ്തു വരുന്നു. തരിശു രഹിതമായ ഈ പാട ശേഖരത്തിൽ ഹെക്ടറിന് 5800 കിലോഗ്രാം വരെ നെല്ലിന്റെ ശരാശരി വിളവ് രേഖപ്പെടുത്തുന്നു. ചെലവു കുറവും വരവ് കൂടുതലും എന്നത് ഈ സമിതിയുടെ പ്രത്യേകത തന്നെ. ഹെക്ടറിന് 68500 രൂപ ചെലവും 1,16,500 രൂപ വരവും ഈ സമിതി രേഖപ്പെടുത്തു ന്നു. വരവ് ചെലവുകൾ കൃത്യമായി സൂക്ഷിക്കുന്ന ഈ സമിതി അവയുടെ പ്രവർത്തന ശൈലി കൊണ്ട് മറ്റ് എല്ലാ സമിതികൾക്കും മാതൃകയാകുന്നു.



# കർഷകോത്തമ അവാർഡ്

## ഒന്നാം സ്ഥാനം

2 ലക്ഷം രൂപ, ഫലകം, പ്രശംസാപത്രം

**ശ്രീ. രാജൻ പി.എ., പള്ളിപ്പാറ**
എടിത്തിനാം കുഴി, പെട്ടിക്കുണ്ട്, കാസർഗോഡ്



സംസ്ഥാനത്തെ ഏറ്റവും മികച്ച സംയോജിത കൃഷി ചെയ്യുന്ന കർഷകന് നൽകുന്ന അവാർഡാണിത്. തെങ്ങ്, ജാതി, കുരുമുളക്, കൊക്കൊ, കശുമാവ്, വാഴ, ഫലവൃക്ഷങ്ങൾ, പച്ചക്കറി എന്നിവ ആദായകരമായി പരിപാലിക്കുന്നു. സുഗന്ധവ്യഞ്ജന കൃഷിയോടൊപ്പം മൃഗപരിപാലനത്തിലും അതീവ തത്പരനായ ശ്രീ. രാജൻ.പി.എ, സ്വന്തം പ്രവർത്തന ശൈലി കൊണ്ടും കൃഷിയിൽ വിജയഗാഥ രചിച്ച ഒരു മികച്ച കർഷകനാണ്. സംയോജിത കൃഷിരീതികൾ, സുസ്ഥിര കൃഷി രീതി എന്നിവകൂടി കണക്കിലെടുത്താണ് കർഷകോത്തമ അവാർഡ് ഇദ്ദേഹത്തിന് സമ്മാനിക്കുന്നത്.

## രണ്ടാം സ്ഥാനം

1 ലക്ഷം രൂപ, ഫലകം, പ്രശംസാപത്രം

**ശ്രീ. അബ്ദുൾ ലത്തീഫ്. ഇ.**
ഇടക്കരയ്യത്ത്
കൃഷിഭവൻ - എടപ്പാൾ, മലപ്പുറം



മലപ്പുറം ജില്ലയിൽ എടപ്പാൾ കൃഷിഭവൻ പരിധിയിൽപ്പെടുന്ന ഇടക്കരയ്യത്ത് വീട്ടിൽ അബ്ദുൾ ലത്തീഫ്. ഇ. സ്വന്തമായുള്ള 5 ഏക്കറിലും പാട്ടത്തിനു് എടുത്ത ഭൂമിയിലും (100 ഏക്കർ) നെൽകൃഷി, പച്ചക്കറി, തെങ്ങ് , കവുങ്ങ്, വാഴ എന്നിവ കൃഷി ചെയ്യുന്നു. 30 പശുക്കളും എരുമ, കാസർഗോഡ് കുന്നൻ എന്നിവയും വളർത്തുന്നു. പ്രതിദിനം 250 - 300 ലി.പാൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്.

ആട് , കോഴി, താറാവ്, മത്സ്യം , കാട എന്നിവയും ബയോഗ്യാസ് പ്ലാന്റ് എന്നിവയും കാർഷിക യ്ന്ത്രങ്ങളായ ട്രാക്ടർ, ടില്ലർ എന്നിവ സ്വന്തമായും ഉണ്ട്. നെൽകൃഷിയുടെ ഉൽപാദനക്ഷമത 4 വർഷം കൊണ്ട് 7.2 ടൺ ആയി ഉയർത്തി. പ്രതിവർഷം 8.25 ലക്ഷം രൂപ കൃഷിയിൽ നിന്നും പശു വളർത്തലിൽ നിന്നും ലാഭം നേടിയിട്ടുണ്ട്.

## മൂന്നാം സ്ഥാനം

50,000 രൂപ, ഫലകം, പ്രശംസാപത്രം

**ശ്രീ. വി.എസ് മൂസ്സ.**
മൂൺ വില്ല,
കൃഷിഭവൻ, പാണാവള്ളി, ആലപ്പുഴ



സമ്മിശ്ര കൃഷിയിൽ വിജയം വരിച്ച കർഷകനാണ് ശ്രീ. മൂസ്സ.വി.എസ്. തെങ്ങ്, കവുങ്ങ് , വാഴ , ചേന, ചേമ്പ്, ഇഞ്ചി, മഞ്ഞൾ, പച്ചക്കറി , പുൽകൃഷി എന്നിവയ്ക്ക് പുറമെ ഒരു മഴമറയുമുണ്ട്. പശു, ആട്, കോഴി, താറാവ് , തേനീച്ച, മുയൽ, മീൻ, കാട എന്നിവ വളർത്തുന്നു. ശാസ്ത്രീയ ഭൂവിനിയോഗത്തിലൂടെ കുറഞ്ഞ വിസ്തൃതിയിൽ പരമാവധി ലാഭം ഉണ്ടാക്കി ഉപജീവനം കഴിക്കുന്നു, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനായി സ്വന്തമായി നഴ്സറിയും എക്കോഷോപ്പും നടത്തുന്നു. ഈ കർഷകൻ കൃഷിയിലൂടെ പ്രതിവർഷം 2 ലക്ഷം രൂപ വരുമാനം നേടുന്നു.

# കർഷക ജ്യോതി

## ഒന്നാം സ്ഥാനം

50,000 രൂപ, സ്വർണ്ണമെഡൽ, ഫലകം, പ്രശംസാപത്രം

പട്ടികജാതി/പട്ടികവർഗ്ഗത്തിൽപെട്ട ഏറ്റവും നല്ല കർഷകൻ

**ശ്രീ. മുരുകേഷ് എം.**
രാം നിവാസ്, ചെറുനാലി, കൗണ്ടിക്കൽ,
കൃഷിഭവൻ അഗളി പാലക്കാട്



ശ്രീ. മുരുകേഷ് കുസാറ്റിൽ നിന്നും MBA ബിരുദം നേടിയ യുവ കർഷകനാണ്. 25 വയസായ മുരുകേഷ് 12 ഏക്കർ ഭൂമിയിൽ 4 വർഷമായി വിവിധ വിളകൾ കൃഷി ചെയ്ത് വരുന്നു.

പരമ്പരാഗത വിളകളായ റാഗി, ചോളം, നെല്ല്, ചാമ തുടങ്ങിയ വിളകൾ കൂടാതെ നീലകടല, തുവര, അമരപ്പയർ, മരച്ചീനി തുടങ്ങിയവയും കൃഷി ചെയ്യുന്നു. ആട്, പശു, കോഴി എന്നിവ വളർത്തുന്നുണ്ട്. പച്ചിലവളം, ചാണകം, കോഴിക്കാഷ്ഠം എന്നിവ കൃഷിക്ക് ഉപയോഗിക്കുന്നു. ഞാലിപ്പൂവൻ, നേന്ത്രൻ, റോബസ്റ്റ തുടങ്ങിയ വാഴയിനങ്ങളും ജ്യോതി, രക്തശാലി നെല്ലിനങ്ങളും കൃഷി ചെയ്യുന്നു.

**ശ്രീ. ശശി വി.വി.**

50,000 രൂപ, സ്വർണ്ണമെഡൽ, ഫലകം, പ്രശംസാപത്രം

വളപ്പിൽ ഹൗസ്, അന്നമനട,
കൃഷിഭവൻ അന്നമനട, തൃശൂർ



കർഷകജ്യോതി അവാർഡ് ഒന്നാം സ്ഥാനം പങ്കിടുന്ന ശ്രീ ശശി.വി.വി 10 വർഷമായി ജൈവകൃഷിയിലും മീൻ, മുട്ടക്കോഴി, കാട, മുയൽ, ആട്, പശു എന്നീ കൃഷികൾ ചെയ്തുവരുന്നു. സംയോജിത കൃഷിരീതിയാണ് അവലംബിക്കുന്നത്.

# മികച്ച ഹൈ ടെക് കർഷകൻ

**ശ്രീ. അനീഷ് എൻ രാജ്**

**1,00,000 രൂപ, സ്വർണ്ണമെഡൽ, ഫലകം, പ്രശംസാപത്രം**

ദ്വാരക, കോമളം, വടമൺ, അഞ്ചൽ, കൊല്ലം



കൊല്ലം ജില്ലയിൽ അഞ്ചൽ കൃഷിഭവന്റെ പരിധിയിൽപ്പെടുന്ന കർഷകനാണ് അനീഷ്. VHSE വിദ്യാഭ്യാസം കഴിഞ്ഞ് കൃഷിയിൽ ഏർപ്പെട്ട ശ്രീ. അനീഷ് 7 വർഷമായി കാർഷികവൃത്തിയിൽ വ്യാപൃതനാണ്. കഴിഞ്ഞ 5 വർഷമായി 400ച.മീറ്റർ പോളിഹൗസിലും 108 ച.മീറ്റർ റെയിൻ ഷെൽറ്ററിലും കൃഷി ചെയ്യുന്നു. പച്ചക്കറി, തക്കാളി, വെണ്ട, സാലഡ് വെള്ളരി, മുളക്, പുതിനയില തുടങ്ങിയവ കൃഷി ചെയ്യുന്നു. പൂർണ്ണമായും ജൈവവളം, ജൈവകീടനാശിനി എന്നിവ ഉപയോഗിക്കുന്ന കൃഷിയിൽ നിന്നും ഒരു വർഷം 6 ലക്ഷം രൂപ അറ്റാദായം നേടുന്നു. മഴവെള്ള സംഭരണത്തിന് സ്വയം പ്രവർത്തിക്കുന്ന ജലശുദ്ധീകരണ സംവിധാനം സജ്ജീകരിച്ചിട്ടുണ്ട്.

Vocational Higher Secondary (Agriculture) പഠിച്ചാൽ കാർഷിക മേഖലയിൽ സ്വന്തമായി കാർഷിക സംരംഭങ്ങൾ നടത്തി തൊഴിൽ കണ്ടെത്താനും വരുമാനം ഉറപ്പു വരുത്താനും കഴിയുമെന്ന് അനീഷ് തെളിയിച്ചിരിക്കുന്നു.

# യുവകർഷകൻ അവാർഡ്

## ഒന്നാം സ്ഥാനം

50,000 രൂപ, സ്വർണ്ണമെഡൽ, ഫലകം, പ്രശംസാപത്രം

ഏറ്റവും നല്ല യുവകർഷകൻ

**ശ്രീ മാത്തുക്കുട്ടി ടോം**
തെങ്ങുംതോട്ടത്തിൽ
മരങ്ങാട്ടുപള്ളി, കോട്ടയം



കോട്ടയം ജില്ലയിലെ മരങ്ങാട്ടുപള്ളി കൃഷി ഭവന്റെ പരിധിയിൽപെട്ട ശ്രീ മാത്തുക്കുട്ടി ടോം യുവ കർഷകൻ അവാർഡിന് അർഹനായി. M B A ബിരുദാനന്തര ബിരുദമുള്ള ഇദ്ദേഹം വാഹന ഉദ്പാദന രംഗത്ത് ഒരു ലക്ഷം രൂപയ്ക്കു മുകളിൽ ലഭിച്ചുകൊണ്ടിരുന്ന വരുമാനം ഉപേക്ഷിച്ച് കഴിഞ്ഞ മൂന്നു വർഷമായി കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നു. 18 ഏക്കർ സ്വന്തമായുള്ള ഭൂമിയിൽ നെല്ല്, തേങ്ങ, റബ്ബർ, പാവൽ, ഇഞ്ചി , പച്ചക്കറി, കിഴങ്ങു വർഗ്ഗങ്ങൾ, ഫല വൃക്ഷങ്ങൾ, തേനീച്ച, പശു, ആട്, മുയൽ, പന്നി, ഇറച്ചി കോഴി, താറാവ് എന്നിയ്ക്കൊപ്പം, മീൻ , പൂ കൃഷി തുടങ്ങിയവ ചെയ്തു വരുന്നു. ജൈവ വളങ്ങൾ കൂടുതലും, രാസ വളങ്ങൾ ആവശ്യാനുസരണവും ഉപയോഗിച്ച് സംയോജിത കൃഷി നടത്തി വരുന്നു. ശാസ്ത്രീയമായി കമ്പോസ്റ്റ് നിർമിച്ച് കൃഷിക്ക് ഉപയോഗ്യമാക്കി വരുന്നു. ജലസേചനത്തിനായി കുളങ്ങൾ നിർമ്മിക്കുകയും, സ്പ്രിൻഗ്ലർ, ഡ്രിപ്പ് എന്നിവ ഉപയോഗിച്ച് നനക്കുകയും ചെയ്യുന്നു. ഉത്പന്നങ്ങൾ T J T എന്ന ബ്രാൻഡിൽ സംസ ്കരിച്ച് മൂല്യ വർധിത ഉല്പന്നമാക്കി വിപണനം ചെയ്യുന്ന ശ്രീ. മാത്തുക്കുട്ടിയ്ക്ക് പ്രതി വർഷം70 ലക്ഷം രൂപ അറ്റാദായം ലഭിക്കുകയും ചെയ്യുന്നു.

**ശ്രീ സിക്കന്ദർ.എൻ**

**50,000 രൂപ, സ്വർണ്ണമെഡൽ, ഫലകം, പ്രശംസാപത്രം**

സലീം മൻസിൽ, സ്കൂൾമേട്, പയ്യാലോർ
കൊല്ലങ്കോട്, പാലക്കാട്



പാലക്കാട് ജില്ലയിൽ കൊല്ലങ്കോടിലെ ശ്രീ സിക്കന്ദർ എന്ന കർഷകൻ യുവകർഷകൻ അവാർഡിന് അർഹനാണ്. MBA , M .Com ബിരുദാനന്തര ബിരുദമുള്ള ഇദ്ദേഹം കഴിഞ്ഞ 4 വർഷമായി പൂർണ്ണമായി കാർഷിക വൃത്തിയിൽ വ്യാപൃതനാണ്. 35 ഏക്കർ സ്വന്തമായും 5 ഏക്കർ പാട്ടക്കൃഷിയിലുമായി നെല്ല്, വാഴ, തെങ്ങ്, നിലക്കടല, മാവ്, മരച്ചീനി, ഇഞ്ചി, പച്ചക്കറി എന്നിവ കൃഷി ചെയ്തു വരുന്നു. കൃഷി വകുപ്പിന്റെ രജിസ്റ്റേർഡ് സീഡ് ഗ്രോവർ പദ്ധതി പ്രകാരം വിത്ത് ഉത്പാദനം നടത്തുന്നു. ജൈവ വളങ്ങൾ കൂടുതലും രാസവള കീടനാശിനികൾ വളരെ കുറച്ച് മാത്രം ഉപയോഗിച്ചുകൊണ്ടുള്ള കൃഷി രീതിയാണ് അവലംബിച്ച് വരുന്നത്. പഞ്ചഗവ്യം, ജീവാമൃതം, മീൻ – മുട്ട, അമിനോ ആസിഡുകൾ, സ്യുഡോമോണോസ്, ടൈക്കോഡർമാ, ബിവേറിയ തുടങ്ങിയവ കൃഷിയിടത്തിൽ പ്രയോഗിച്ച് വരുന്നു. കൂടാതെ 4 പശുക്കൾ, 20 മുട്ടക്കോഴികൾ , മീൻ വളർത്തൽ എന്നി പ്രവർത്തികളും അനുവദിച്ചു വരുന്നു. ജീവാണു വളങ്ങൾ സ്വന്തമായി ഉല്പാദിപ്പിച്ച് വിതരണം ചെയ്യുകയും ചെയ്യുന്നു. ഇദ്ദേഹത്തിന്റെ കൃഷിയിടത്തിൽ പതിനഞ്ചോളം സ്ഥിരം തൊഴിലാളികൾ ഉണ്ട്. ജലസേചനത്തിനായി കുളങ്ങളും കുഴൽ കിണറുകളും ഉപയോഗിച്ച് ഡ്രിപ്പ്, സ്പ്രിംഗ്ളർ എന്നിവ സ്ഥാപിച്ചിട്ടുണ്ട് . 13 ഏക്കറോളം തരിശു നിലങ്ങൾ പാട്ടത്തിനെടുത്ത് കൃഷി ഭൂമിയായ്മാറ്റിയിട്ടുണ്ട്. ഇദ്ദേഹത്തിന് പ്രതിവർഷം 13 ലക്ഷത്തിൽ കൂടുതൽ ലാഭം കാർഷിക വൃത്തിയിൽ നിന്ന് ലഭിക്കുന്നു.

## കേര കേസരി

ഏറ്റവും നല്ല കേരകർഷകൻ — 2 ലക്ഷം രൂപ, സ്വർണ്ണമെഡൽ, ഫലകം, പ്രശംസാപത്രം

**ഫ്രാൻസിസ് കെ.ടി.**
കൈതകുളത്ത്, മരുതോങ്കര
മരുതോങ്കര പഞ്ചായത്ത്, കോഴിക്കോട്



കോഴിക്കോട് ജില്ലയിലെ മറുതേങ്കര പഞ്ചായത്തിലെ കൈതക്കുളത്ത് ഫ്രാൻസിസ് കെ.ടി, 3 ഏക്കർ പുരയിടത്തിൽ വെസ്റ്റ് കോസ്റ്റ്, കുറ്റിയാടി, കേരശ്രീ, മലേഷ്യൻ കുറിയത് മുതലായ ഇനങ്ങളിൽ പെട്ട 150 കായ്ഫലമുള്ള തെങ്ങുകളും, കൂടാതെ 3 വർഷം പ്രായമായ 50 തൈതെങ്ങുകളും കൃഷിചെയ്ത് വരുന്നു. ഈ പുരയിടത്തിൽ കമുക്, ജാതി, കുരുമുളക്, മറ്റ്സുഗന്ധ വിളകളും ഔഷധ സസ്യങ്ങളും കൃഷി ചെയ്യുന്നുണ്ട്. പക്ഷിമൃഗാദികൾ, മൽസ്യം എന്നിവ ശാസ്ത്രീയ രീതിയിൽ പരിപാലിച്ചു വരുന്നു.

ജൈവ മാതൃക അനുവർത്തിക്കുന്ന ഇദ്ദേഹം മൂന്നുമാസം ഇടവിട്ട് കോഴിവളം, ചാണകം, ആട്ടിൻകാഷ്ഠം, മണ്ണിര കമ്പോസ്റ്റ്, ജീവാമൃതം എന്നിവ ജൈവവളമായി പ്രയോഗിച്ച് വരുന്നു. കൃത്യമായി പുതയിടൽ അവലംബിക്കുന്നു.

ചരിവിന്റെ ആധിക്യമുള്ള ഈ കൃഷിയിടം തട്ട് തട്ടായി തിരിച്ച് കല്ല് കയ്യാല, മൺകയ്യാല എന്നിവ നിർമ്മിച്ചും, മഴക്കുഴികളിൽ ചകിരി നിറച്ചും മണ്ണ് ജല സംരക്ഷണം സാധ്യമാക്കിയിരിക്കുന്നു. വിത്ത് തേങ്ങകളുടെ സംഭരണവും ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉത്പാദനവും നടത്തിയും സർക്കാരിന്റെ വിവിധ പദ്ധതികളിൽ വിൽപന നടത്തുന്നു.15000 തേങ്ങ സംഭരിക്കാനാകുന്ന തേങ്ങാകൂട പ്രേത്യക രീതിയിൽ ജി.ഐ പൈപ്പ് ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ട്. തെങ്ങിൻ തടങ്ങളിൽ തൊണ്ട് പാകി, ഗോമൂത്രം, ചാണക മിശ്രിതം എന്നിവ മാസംതോറും തളിച്ച് കൊടുക്കുന്നതിനാൽ ഇവ ഒരു വർഷത്തിൽ തന്നെ ജൈവവളമായി തെങ്ങുകൾക്ക് ഉപയോഗപ്രദമാകുന്നു.

ഈ പറമ്പിലെ 150 തെങ്ങിൽ നിന്നും 23000 തേങ്ങ വരെ ലഭിക്കുന്നു. 2015 ൽ പഞ്ചായത്തിലെ സമ്മിശ്ര കർഷകൻ അവാർഡും, 2017 , 2018 വർഷത്തെ ഹരിത കേരളം പദ്ധതിയിൽ പഞ്ചായത്തിന്റെ കൃഷി അവാർഡും ലഭിച്ച ഇദ്ദേഹത്തിന്റെ കൃഷി യിടം ആത്മയുടെ സംയോജിത മാതൃക കൃഷിത്തോട്ടമായും തെരഞ്ഞെടുത്തിട്ടുണ്ട്.

---

## ഹരിത മിത്ര

ഏറ്റവും നല്ല പച്ചക്കറികർഷകൻ — 1 ലക്ഷം രൂപ, സ്വർണ്ണമെഡൽ, ഫലകം, പ്രശംസാപത്രം

**പി.ഉണ്ണികൃഷ്ണൻ**
ഇല്ലത്തുംകണ്ടിവീട്, ചാത്തല്ലൂർ
ഇടവണ്ണ പഞ്ചായത്ത്, മലപ്പുറം



മലപ്പുറം ജില്ലയിൽ ഇടവണ്ണ പഞ്ചായത്തിലെ പി.ഉണ്ണികൃഷ്ണൻ, ഇല്ലത്തുംകണ്ടി വീട്ടിൽ പി. ഉണ്ടികൃഷ്ണൻ 11 ഏക്കർ കൃഷിയിടത്തിൽ വിവിധ പച്ചക്കറി കൃഷി മാതൃകാപരമായി നടത്തി വരുന്നു. പാവൽ, പടവലം, ചുരക്ക, പയർ, വെള്ളരി, വഴുതന, ചേന, ചേമ്പ്, കാച്ചിൽ, ചീര എന്നിവ 20 വർഷമായി കൃഷി ചെയ്ത് വരുന്നു. കടലപ്പിണ്ണാക്ക്, കാലിവളം, ഗോമൂത്രം, കോഴിവളം, മുതലായവ ഉപയോഗിച്ച് സംയോജിത വള പ്രയോഗവും, രോഗ കീടനിയന്ത്രണവും നടത്തുന്നു. കൃഷിയിടങ്ങൾ വളരെ ശാസ്ത്രീയമായും വൃത്തിയായും സൂക്ഷിക്കുകയും രോഗകീട നിയന്ത്രണത്തിനായി സോളാർ ട്രാപ്പ്, ഫെറോമോൺ കെണി, മഞ്ഞൾക്കെണി, തുളസിക്കെണി എന്നിവ അനുവർത്തിച്ചു വരുന്നു. ജലസേചനത്തിനായിഫെർട്ടിഗേഷൻ തുള്ളി നന പ്രോയോജനപ്പെടുത്തുന്നുണ്ട്. പഞ്ചഗവ്യം, കടലപ്പിണ്ണാക്ക്, ചാണകം, സ്യൂഡോമോണോസ് തുടങ്ങിയവ കലർത്തിയ ശേഷം നേർപ്പിച്ച് കൃഷി ഇടങ്ങളിൽ പ്രയോഗിക്കുന്നതിനാൽ ഉയർന്ന ഉൽപ്പാദന ക്ഷമത കൈവരിക്കാനും ഇദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്.

# ഹരിത കീർത്തി അവാർഡ്

കൃഷിവകുപ്പിന്റെ കീഴിലുള്ള ഏറ്റവും മികച്ച കൃഷി ഫാം

## ഒന്നാം സ്ഥാനം

15 ലക്ഷം രൂപ, ഫലകം, പ്രശംസാപത്രം

**സ്റ്റേറ്റ് സീഡ് ഫാം**
ഉള്ളൂർ, തിരുവനന്തപുരം



തിരുവനന്തപുരം ജില്ലയിൽ നാലാഞ്ചിറയിൽ 18 ഏക്കറോളം വിസ്തൃതിയിൽ സ്ഥിതി ചെയ്യുന്ന സ്റ്റേറ്റ് സീഡ് ഫാം, ഉള്ളൂർ ഹരിത കീർത്തി അവാർഡിന് അർഹമായി. 1964 ൽ സ്ഥാപിതമായ ഈ തോട്ടം സർക്കാർ ഉടമസ്ഥതയിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. 3 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നു. തേങ്ങ, ഏത്തവാഴ, പച്ചക്കറി, പപ്പായ, തീറ്റപുൽ മുതലായവയും കൃഷി ചെയ്യുന്നു. മികച്ച സംരക്ഷണ പ്രവർത്തനങ്ങൾ, അത്യുത്പാദന വിത്ത് ഉൽപാദന കൃഷി രീതികൾ, കൃഷി അനുബന്ധ വൈവിധ്യവൽക്കരണം എന്നിവ നല്ല രീതിയിൽ അനുവർത്തിച്ചു വരുന്നു. പശു,ആട് ,താറാവ് ,കോഴി, പെറ്റ് ആനിമൽ എന്നിവ ആരോഗ്യകരമായ ചുറ്റുപാടിൽ വളർത്തപ്പെടുന്നു. സർക്കാരിന്റെയും പ്രാദേശിക സർക്കാരുകളുടെയും കൃഷിവകുപ്പിന്റെയും വിവിധ പദ്ധതികൾ മികച്ച രീതിയിൽ നിർവ്വഹിക്കുന്നു. നഗരമദ്ധ്യത്തിൽ മാതൃകയായി കൃഷിരീതി പരിചരണ പരിപാടികളും നടന്നിട്ടുണ്ട്. അസിസ്റ്റന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ 5 ഉദ്യോഗസ്ഥരും 8 സ്ഥിരം പുരുഷ തൊഴിലാളികളും 4 കാഷ്വൽ സ്ത്രീ തൊഴിലാളികൾ ഉൾപ്പെടെ 15 സ്ത്രീതൊഴിലാളികളും ജോലി ചെയ്യുന്നു. ശരിയായ നടത്തിപ്പിലൂടെ മനുഷ്യ വിഭവശേഷി ഉത്പാദന ക്ഷമത വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിവിധ പോളിഹൗസുകളിലായി കുരുമുളക് തൈകൾ, പച്ചക്കറി തൈകൾ എന്നിവ ഉൽപാദിച്ച് വിതരണം ചെയ്യുന്നു.

## രണ്ടാം സ്ഥാനം

10 ലക്ഷം രൂപ, ഫലകം, പ്രശംസാപത്രം

**ഐ.എസ്.ഡി.ഫാം**
എരുത്തിയാംപതി, ചിറ്റൂർ
പാലക്കാട്



പാലക്കാട് ജില്ലയിലെ എരുത്തിയാമ്പതി ഐ.എസ്.ഡി ഫാമിൽ വാഴ, തെങ്ങ്, പച്ചക്കറി വിത്ത്, ഔഷധ തൈകൾ, ജാതി മുതലായവ ഉല്പാദിപ്പിച്ച് വിതരണം നടത്തുന്നു. ഓണത്തിനായി വ്യാപകമായി കൃഷി ചെയ്ത് ഓണവിപണി സജീവമാക്കിയിരുന്നു. ഫാമിന്റെ വരുമാനം ഗണ്യമായി കഴിഞ്ഞ 5 വർഷത്തിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. കുറിയ ഇനം തെങ്ങിൻ തൈകളുടെ ജെംപ്ലാസം നന്നായി പരിപാലിച്ചു വരുന്നു.

## ജൈവ കർഷകൻ അവാർഡ്

ഏറ്റവും മികച്ച ജൈവകർഷകൻ

1 ലക്ഷം രൂപ, സ്വർണ്ണമെഡൽ, ഫലകം, പ്രശംസാപത്രം

**ശ്രീ സണ്ണി ജോർജ്**

ഇളം തുരുത്തിൽ, പ്രാപൊയിൽ,
ചെറുപുഴ, കണ്ണൂർ

ശ്രീ. സണ്ണിജോർജ്ജിന്റെ 10 .5 ഏക്കർ സ്ഥലത്ത് തെങ്ങ് , കവുങ് , ജാതി , കശുമാവ് , പ്ലാവ് , കുരുമുളക് , ചേന , മഞ്ഞൾ, ഇഞ്ചി , കപ്പ , പച്ചക്കറി , തീറ്റപ്പുല്ല് , റംബൂട്ടാൻ , നെല്ലി , പപ്പായ എന്നീ വിളകൾ കൃഷി ചെയ്തു വരുന്നു. കൂടാതെ കോഴി, പശു, ആട്, എരുമ, പന്നി, മൽസ്യ കൃഷി തുടങ്ങിയവ പരിപാലിച്ചു പോകുന്നു. ജൈവാവശിഷ്ടങ്ങൾ റീസൈക്കിൾ ചെയ്ത് കമ്പോസ്റ്റ് ആക്കി വിളകൾക്ക് നൽകുന്നു. വളരെ ചെങ്കുത്തായ തോട്ടത്തിൽ കയ്യാല നിർമിച്ച് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ചെയ്യുകയും ജലസേചനത്തിനായി കുളവും ജല സംഭരണത്തിനായി ടാങ്കും നിർമിച്ചിട്ടുണ്ട് . ജൈവ കൃഷിക്കായി പഞ്ചഗവ്യം, സ്യൂഡോമോണസ് എന്നിവ ഉപയോഗിക്കുന്നു. രാസവളം ഒട്ടും തന്നെ ഉപയോഗിക്കുന്നില്ല . കഴിഞ്ഞ 18 വർഷത്തോളം പൂർണമായി ജൈവ കൃഷി തോട്ടത്തിൽ നടപ്പാക്കി ജൈവ സർട്ടിഫിക്കറ്റ് നേടിയിട്ടുണ്ട് . പ്രതി വർഷം ഏകദേശം 10 ലക്ഷം രൂപ ലാഭമായി നേടുന്ന ഇദ്ദേഹം "തേജസ്വിനി ഫാർമർ പ്രൊഡ്യൂസർ കമ്പനി" രൂപീകരിച്ച് കണ്ണൂർ, കാസർഗോഡ്, മലപ്പുറം ജില്ലകളിലെ കർഷക കൂട്ടായ്മ വഴി ഉരുക്ക് വെളിച്ചെണ്ണ വിപണനം ചെയ്യുന്നു. കർഷക കൂട്ടായ്മയിലൂടെ നവജീവൻ പോൾട്രി ഫാം നടത്തി വരുന്നു . കൂടാതെ ഇക്കോ ഫാം ടൂറിസം ലൈസൻസ് നേടി ഫാം ടൂറിസത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

---

## കർഷകമിത്ര അവാർഡ്

ഉദ്യോഗസ്ഥരല്ലാത്ത മികച്ച കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനം നടത്തുന്ന വ്യക്തി

50,000 രൂപ, സ്വർണ്ണമെഡൽ, ഫലകം, പ്രശംസാപത്രം

**ശ്രീ കെ.ടി. ശ്രീധരൻ നമ്പൂതിരി**

കാമ്പള്ളൂർ തോട്ടം
ചെറുതാഴം, കണ്ണൂർ



വിജ്ഞാന വ്യാപനത്തിൽ ശ്രദ്ധേയമായ ഇടപെടലുകൾ നടത്തി വരുന്നു. ഗവേഷണ സ്ഥാപനങ്ങളുമായി നിരന്തരം ബന്ധപ്പെടുകയും നേടുന്ന അറിവുകൾ പ്രായോഗികമാക്കുകയും മറ്റുള്ളവർക്ക് പകർന്ന് നൽകുകയും ചെയ്യുന്നു.

## തേനീച്ച കർഷകൻ

1 ലക്ഷം രൂപ, ഫലകം, പ്രശംസാപത്രം

### ശ്രീ ടി കെ രാജു
തുണ്ടുവയലിൽ, തൊപ്പിപ്പാള
ഇടുക്കി



കഴിഞ്ഞ 22 വർഷമായി തേനീച്ച കൃഷിയിൽ വ്യാപൃതനായിരിക്കുന്ന ഇടുക്കി ജില്ലയിലെ ശ്രീ ടി കെ രാജു മികച്ച തേനീച്ച കർഷകനുള്ള അവാർഡിന് അർഹനായി. ഇദ്ദേഹം 1600 പെട്ടികളിൽ നിന്ന് പ്രതിവർഷം 46 ടൺ തേൻ ഉല്പാദിപ്പിച്ച് മൂല്യ വർധിത ഉത്പന്നങ്ങൾ നിർമിച്ച് വിതരണം ചെയ്തു വരുന്നു. ഇതിനാൽ നിരവധി തൊഴിൽ രഹിതർക്കു തൊഴിൽ നൽകുവാൻ സാധ്യമായിട്ടുണ്ട്. TRIFED ന്റെ മാസ്റ്റർ ട്രെയിനർ എന്ന നിലയിൽ കേരളം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ നിരവധി പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. തേനീച്ച കോളനിയുള്ള കൂടുകൾ നിർമിച്ച് വിതരണം ചെയ്യുന്നുണ്ട്. കൂടാതെ ഇദ്ദേഹത്തിന് ഖാദി, ഹോർട്ടികോർപ് , റബ്ബർ ബോർഡ് എന്നിവിടങ്ങളിൽ നിന്ന് പരിശീലനവും ലഭിച്ചിട്ടുമുണ്ട്. മൂല്യ വർധിത ഉത്പന്നങ്ങളായ Bee Wax , Pain balm എന്നിവയ്ക്ക് പുറമെ മറ്റു 15 തരം തേൻ ഉത്പന്നങ്ങളുടെ വിപണനം വഴി പ്രതിവർഷം ഏകദേശം ഒരു കോടി രൂപയിൽ കൂടുതൽ വിറ്റു വരവ് ലഭിക്കുന്നു. ഇദ്ദേഹത്തിന്റെ സ്ഥാപനത്തിൽ 70 ഓളം തൊഴിലാളികൾ തേനീച്ചയുമായി ബന്ധപ്പെട്ട് തൊഴിൽ ചെയ്തു വരുന്നു. വിവിധ പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുള്ള വ്യക്തി കൂടിയായായ ഇദ്ദേഹത്തിന് മികച്ച തേനീച്ച കർഷകൻ അവാർഡ് കൂടി നൽകി ആദരിക്കുന്നു.

## കൃഷി വിജ്ഞാൻ അവാർഡ്

12,500 രൂപ, സ്വർണ്ണമെഡൽ, ഫലകം, പ്രശംസാപത്രം

### ഡോ. ജേക്കബ് ജോൺ
പ്രൊഫസർ & ഹെഡ്, ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം റിസർച്ച് സ്റ്റേഷൻ
കേരള കാർഷിക സർവകലാശാല
കരമന, തിരുവനന്തപുരം

ഡോ.ജേക്കബ് ജോൺ 4 IFS മോഡലുളുകൾ ആവിഷ്കരിച്ചിട്ടുണ്ട്. 6 ചിലവുകുറഞ്ഞ വെർട്ടിക്കൽ ഫാംമിംഗ് മോഡലുകൾ വികസിപ്പിച്ചിട്ടുണ്ട്. നഗരത്തിൽ IFS ന്റെ സാധ്യതകളെക്കുറിച്ച് ഏറെ ഗവേഷണം നടത്തി വിജയകരമായ മോഡൽ ഉരുത്തിരിച്ചെടുത്തിട്ടുണ്ട്.

### മനോജ് പി. സാമുവേൽ

12,500 രൂപ, സ്വർണ്ണമെഡൽ, ഫലകം, പ്രശംസാപത്രം

പ്രിൻസിപ്പൽ സയന്റിസ്റ്റ് & ഹെഡ്,
എഞ്ചിനീയറിംഗ് ഡിവിഷൻ ICAR-CIFT
മത്സ്യപുരി, എറണാകുളം

ശ്രീ. മനോജ് പി.സാമുവൽ കേരളത്തിൽ മഴവെള്ള സംഭരണം ഫലപ്രദമായി നടപ്പിലാക്കുന്നതിന് വേണ്ടുന്ന നൂതന സമ്പ്രദായങ്ങൾ വികസിപ്പിച്ചെടുക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. ശീതികരിച്ച ഫിഷ് വെൻഡിംഗ് കിയോസ്ക്, ഇൻഫ്രാ റെഡ് ഫിഷ് ഡ്രയർ എന്നിവ എടുത്തു പറയത്തക്ക നേട്ടങ്ങളാണ്.

## കർഷക പ്രതിഭ – സ്കൂൾ

ഏറ്റവും മികച്ച കാർഷിക പ്രവർത്തനം നടത്തുന്ന സ്കൂൾ വിദ്യാർത്ഥി

10,000 രൂപ, സ്വർണ്ണമെഡൽ, ഫലകം, പ്രശംസാപത്രം

**അരവിന്ദ്.സി.**
മുരിങ്ങത്ത് ഹൗസ്,
അമ്പലപ്പാടി, മലപ്പുറം



മലപ്പുറം ജില്ലയിലെ വണ്ടൂർ കൃഷി ഭവൻ പരിധിയിൽപ്പെടുന്ന അരവിന്ദ്.സി. വണ്ടൂർ , ഗുരുകുലം വിദ്യാനികേതൻ ഇംഗ്ലീഷ് മീഡിയം സ്കൂളിലെ ഒമ്പതാം ക്ലാസ് വിദ്യാർത്ഥിയാണ്. അതിരാവിലെ തന്നെ കൃഷിയിടത്തിലേക്ക് പോകുന്ന അച്ഛനെ പിന്തുടരുന്ന അരവിന്ദ് വിത്തിനങ്ങളെക്കുറിച്ചും നടീൽ അകലങ്ങളെക്കുറിച്ചും മനസ്സിലാക്കി. ജൈവ വളങ്ങളും, ജൈവ കീടനാശിനികളും തയ്യാറാക്കുന്നതിന് അരവിന്ദ് അച്ഛനെ സഹായിക്കുന്നു. സ്കൂളിലെ കൃഷിയിടങ്ങളിലും അരവിന്ദ് ജൈവ കൃഷി രീതികൾ അനുവർത്തിച്ചുവരുന്നതിനാൽ മറ്റു കുട്ടികളിലും ജൈവ കൃഷിയിൽ താല്പര്യമുണ്ടാക്കാൻ സാധിച്ചു. കൃഷി യിടത്തിലെന്നപോലെ പഠന സമയത്തിനുശേഷം ഒഴിവുവേളകളിൽ അച്ഛന്റെ പച്ചക്കറികടയിലും ഹോട്ടലിലും സഹായത്തിനായി അരവിന്ദ് ഓടിയെത്തുന്നു.

---

## കർഷക തിലകം – സ്കൂൾ

ഏറ്റവും മികച്ച കാർഷിക പ്രവർത്തനം നടത്തുന്ന സ്കൂൾ വിദ്യാർത്ഥിനി

10,000 രൂപ, സ്വർണ്ണമെഡൽ, ഫലകം, പ്രശംസാപത്രം

**ജിബിയ എസ്.ബി**
സ്രാമ്പിക്കയിൽ വീട്
കാരറ പി.ഒ., അഗളി
പാലക്കാട്



പാലക്കാട് ജില്ലയിൽ അഗളി കൃഷി ഭവൻ പരിധിയിൽപ്പെടുന്ന ജിബിയ എസ്.ബി കാരറ ഗവൺമെന്റ് യു.പി സ്കൂൾ ഏഴാം ക്ലാസ് വിദ്യാർത്ഥിനിയാണ്.

വീട്ടിൽ അച്ഛനെ കൃഷിയിൽ സഹായിക്കുന്നതോടൊപ്പം സ്വന്തമായി പച്ചക്കറി കൃഷി ചെയ്യുന്ന ജിബിയ കൃഷിയെക്കുറിച്ചും കൃഷിരീതികളെ കുറിച്ചും വ്യക്തമായ അറിവ് നേടുകയും, ജീവാമൃതം, പഞ്ചഗവ്യം, ട്രൈക്കോഡർമാ, സ്യൂഡോമോണാസ് തുടങ്ങി ജൈവ വളം / കീടനാശിനി / കുമിൾ നാശിനി എന്നിവയെക്കുറിച്ച് വിശദമായി പഠിച്ചിട്ടുമുണ്ട്. കൃഷിയിൽ ഏറെ താല്പര്യമുള്ള ജിബിയ സ്കൂളിലെ പച്ചക്കറിക്കൃഷിയിലും പ്രധാന പങ്കുവഹിക്കുന്നുണ്ട്. ജിബിയയുടെ വീട്ടിലെ കൃഷി മറ്റു വിദ്യാർത്ഥികൾ കണ്ടു മനസ്സിലാക്കി അവരവരുടെ വീടുകളിൽ കൃഷി ആരംഭിച്ചിട്ടുണ്ട്.

കുടുംബത്തിന്റെ കൃഷിയിലെ 75 സെന്റ് സ്ഥലത്തെ കൃഷി ജിബിയ സ്വയം നോക്കിനടത്തുന്നു. ഇവ കൂടാതെ ആട്, പശു, മൽസ്യ കൃഷി എന്നിവയിലും ജിബിയ സ്വന്തം ശ്രദ്ധയും സമയവും ചെലവഴിക്കുന്നുണ്ട്.

## കർഷക പ്രതിഭ (എച്ച്.എസ്.എസ്.)

മികച്ച കാർഷിക പ്രവർത്തനം നടത്തുന്ന ഹയർ സെക്കന്ററി വിദ്യാർത്ഥി / വിദ്യാർത്ഥിനി

25,000 രൂപ, സ്വർണ്ണമെഡൽ, ഫലകം, പ്രശംസാപത്രം

**ഹിലാൽ മുഹമ്മദ്,**
**കാരക്കാടൻ വീട്, കൽപകഞ്ചേരി, വളാഞ്ചേരി**
**മലപ്പുറം**



മലപ്പുറം ജില്ലയിലെ കൽപകഞ്ചേരി കൃഷിഭവന്റെ പരിധിയിൽപ്പെടുന്ന കർഷകകുടുംബത്തിലെ അംഗമായ ഹിലാൽ മുഹമ്മദ്, തിരൂർ ബെഞ്ച്മാർക് ഇന്റർനാഷണൽ സ്കൂളിലെ +2 വിദ്യാർത്ഥിയാണ് . വീടിനോടനുബന്ധിച്ച് 2.5 ഏക്കർ സ്ഥലത്താണ് വിവിധ ഇനം ( 35 ) പച്ചക്കറികൾ കൃഷി ചെയ്യുന്നത്. കൂടാതെ നേന്ത്രൻ, പാളയൻകോടൻ, ഞാലിപ്പൂവൻ എന്നീ ഇനത്തിൽപ്പെട്ട വാഴകളും കൃഷി ചെയ്യുന്നു. ശീമക്കൊന്ന പച്ചിലവളമായും കൂടാതെ മണ്ണിര കമ്പോസ്റ്റ് സ്വന്തമായും ഉൽപാദിപ്പിച്ച് ഉപയോഗിക്കുന്നു. വീട്ടിൽ വളർത്തുന്ന പശു, കോഴി, താറാവ്, മൽസ്യം എന്നിവയുടെ പരിചരണത്തിലും ഹിലാൽ സജീവമായി പങ്കെടുക്കുന്നു.

സ്കൂൾ പച്ചക്കറിത്തോട്ടത്തിന്റെ ടീം ലീഡറായി പ്രവർത്തിക്കുന്ന ഹിലാൽ മുഹമ്മദ് കാർഷിക മേഖലയിൽ ഉന്നത വിദ്യഭ്യാസം നേടാൻ ആഗ്രഹിക്കുന്നുണ്ട്. തന്റെ അനുഭവത്തിൻ നിന്ന് കൃഷിയെക്കുറിച്ച് വളരെ ഗൗരവത്തിൽ തന്നെ പഠിക്കുകയും അറിവ് ആർജിക്കുകയും ചെയ്തിട്ടുണ്ട്.

---

## കർഷക പ്രതിഭ (കോളേജ്)

മികച്ച കാർഷിക പ്രവർത്തനം നടത്തുന്ന കോളേജ് വിദ്യാർത്ഥിനി

25,000 രൂപ, സ്വർണ്ണമെഡൽ, ഫലകം, പ്രശംസാപത്രം

**ജസ്ന ജാഫർ**
**പുത്തൻപുരയ്ക്കൽ ഹൗസ്,**
**നെട്ടൂർ പി.ഒ., മരട്, എറണാകുളം**



എറണാകുളം ജില്ലയിലെ മരട്കൃഷിഭവൻ പരിധിയിൽ പെടുന്ന കർഷക കുടുംബത്തിലെ അംഗമായ പുത്തൻപുരക്കൽ ജസ്ന ജാഫർ, KMEA college of Arts and Science കുഴിവേലിപ്പടിയിൽ രണ്ടാം വർഷ ബി.കോം വിദ്യാർത്ഥിനിയാണ്. കഴിഞ്ഞ 7 വർഷമായി വീടിനോടനുബന്ധിച്ച 10 സെന്റ് പുരയിടത്തിൽ വിവിധയിനം പച്ചക്കറികളും പഴവർഗ്ഗവിളകളും, മുളകിന്റെ വിവിധ ഇനങ്ങളും കൃഷി ചെയ്യുന്നു. വെള്ളക്കെട്ടുള്ള ഭൂമിയായതിനാൽ വിവിധ പാഴ് വസ്തുക്കളെ പച്ചക്കറികൾ നട്ടു വളർത്തുന്നതിനുള്ള കൃഷിത്തടങ്ങളാക്കിയും പ്ലാസ്റ്റിക് ചാക്കുകൾ, പഴയ ടയറുകൾ, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് കുട്ടകൾ, പഴയ വാഹനങ്ങളുടെ ഫൈബർ പാർട്സ് എന്നിവ കൃഷി ചെയ്യാനായി ഉപയോഗിക്കുന്നു. പഠനത്തിലും കൃഷിയിലും ഒരേ പോലെ മികവ് തെളിയിച്ച കർഷക പ്രതിഭയാണ് ജസ്നാ ജാഫർ. നഗരപരിമിതിക്കുള്ളിൽ മാലിന്യനിർമ്മാർജ്ജനം, പാഴ്വസ്തുക്കളുടെ പുനരുപയോഗം എന്നീകാര്യങ്ങളിൽ മാതൃകയുമാകുന്ന ജസ്നാ ജാഫർ, സ്വന്തം കൃഷിയും മാലിന്യ സംസ്കരണവും തമ്മിൽ ബന്ധിപ്പിച്ചാൽ നഗര ജീവിതം ആരോഗ്യകരമാവും എന്നു നമ്മെ പഠിപ്പിക്കുന്നു.

## കൊമേഴ്സ്യൽ നഴ്സറി അവാർഡ്

1 ലക്ഷം രൂപ, സ്വർണ്ണമെഡൽ, ഫലകം, പ്രശംസാപത്രം

**കുഴിപ്പള്ളം ബോട്ടാണിക്കൽ ഗാർഡൻ**
ജോർജ്ജ്കുട്ടി ജെ.
ആർദ്ര ഭവൻ, നെല്ലിമ്മൂട്, തിരുവനന്തപുരം



ജോർജ്കുട്ടി 12 ഏക്കർ സ്ഥലത്ത് നല്ല രീതിയിൽ ലാൻഡ് സ്കേപ്പ് നടത്തി നഴ്സറി പ്രവർത്തനങ്ങൾ ചെയ്തു വരുന്നു. ഇവിടെ 25000 ഫലവൃക്ഷത്തൈകൾ, 1000 ഇനം റോസ്, വിവിധയിനങ്ങളിലെ 15000 എണ്ണം വാഴകൾ, ഓർക്കിഡ്, പച്ചക്കറി തൈകൾ എന്നിവ വിപുലമായി ഉല്പാദിപ്പിച്ച് വിപണനം നടത്തിവരികയാണ്. ഈ സ്ഥാപനത്തിൽ സ്വന്തമായുള്ള ടിഷ്യുക്കൾച്ചർ ലാബിൽ വാഴ, ഓർക്കിഡ്, ആന്തൂറിയം, അഗ്ലോണിമ എന്നിവ ഉല്പാദിപ്പിച്ചു വരുന്നു. കൂടാതെ നടീൽ വസ്തുക്കൾ, ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിംഗ് രീതികൾ അവലംബിച്ച് വിവിധ ഫലവൃക്ഷത്തൈകൾ, റോസ്, മുള, തെങ്ങിൻ തൈകൾ എന്നിവ ഉല്പാദിപ്പിച്ച് വിപണനം നടത്തുന്നു. നഴ്സറിയിൽ 102 തൊഴിലാളികൾ സേവനമനുഷ്ഠിക്കുന്നുണ്ട്. വിവിധ ഇനം ബോൺസായിയുടെ വിപുലമായ ശേഖരവും വില്പനയും നടത്തുന്നു. കഴിഞ്ഞ വർഷം ഏകദേശം 1 കോടിയോളം രൂപയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ട്. സർക്കാർ/ സർക്കാറിതര മേളകളിൽ സ്ഥിരമായി പങ്കെടുക്കുകയും പല കാർഷിക പുരസ്കാരങ്ങളും ലഭിക്കുകയും ചെയ്തിട്ടുണ്ട്.

---

## ഉദ്യാനശ്രേഷ്ഠ

ഏറ്റവും നല്ല പുഷ്പകൃഷി കർഷകൻ

1 ലക്ഷം രൂപ, സ്വർണ്ണമെഡൽ, ഫലകം, പ്രശംസാപത്രം

**വർക്കി സി ജെ**
ചാലിശ്ശേരി ഹൗസ്,
മണലൂർ, തൃശ്ശൂർ



തൃശൂർ ജില്ലയിലെ മണലൂർ കൃഷി ഭവൻ പരിധിയിൽപ്പെടുന്ന കർഷകനാണ് വർക്കി സി ജെ (ചാലിശ്ശേരി ) . 65 സെന്റ് കൃഷി ഭൂമിയിൽ വിവിധയിനം ഓർക്കിഡ്, ഹെലിക്കോണിയ, Calathea , Alpena, വിവിധ അലങ്കാര ചെടികൾ, പൂച്ചെടികൾ എന്നിവ കൃഷി ചെയ്യുന്നു.

വിവിധ ആകൃതികളിലും രൂപങ്ങളിലും പൂച്ചെടികളെ ആകർഷകമായ രീതിയിൽ പരിപാലിച്ചു വരുന്നു. അപൂർവ ഇനത്തിൽ പെട്ട പുഷ്പങ്ങളും അലങ്കാര ഇല ചെടികളും ഉത്പാദിപ്പിക്കുകയും വില്പന നടത്തുകയും ചെയ്യുന്നു.

Vertical garden രീതിയിലുള്ള കൃഷിയും, സ്വീകരണ മുറികളിൽ ആകർഷകമാക്കാൻ ഉപയോഗിക്കുന്ന വിവിധ അലങ്കാര ഇല ചെടികളുടെയും ക്രമീകരണവും അനുവർത്തിച്ചുപോരുന്നു. കുടുംബ അംഗങ്ങളുടെ സഹകരണത്തോടെ ഉത്പാദന പരിശീലനം നടത്തുകയും ഓൺലൈൻ മാർക്കറ്റിംഗ് വിപണനത്തിനായി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

## ക്ഷോണി സംരക്ഷണ

ഏറ്റവും നല്ല മണ്ണുസംരക്ഷണം നടത്തുന്ന കർഷകൻ 25,000 രൂപ, സ്വർണ്ണമെഡൽ, ഫലകം, പ്രശംസാപത്രം

### ഒന്നാം സ്ഥാനം

**ശ്രീ. മാത്യു, കണ്ടത്തിൽ വീട്**
മറ്റരയ്ക്കൽ പി.ഒ.
താഴേക്കോട്, മലപ്പുറം



മണ്ണ് - ജല സംരക്ഷണ പ്രവർത്തനം വളരെ ഫലപ്രദമായി നടപ്പിലാക്കി ശ്രീ. മാത്യു കണ്ടത്തിൽ ക്ഷോണി സംരക്ഷണ അവാർഡിന് അർഹനായി. ഇദ്ദേഹം സ്വന്തമായുള്ള 175 ഏക്കർ സ്ഥലത്ത് ജാതി, കവുങ്ങ്, തെങ്ങ്, വാഴ പച്ചക്കറികൾ തുടങ്ങിയ വിവിധ വിളകൾ കൃഷി ചെയ്യുന്നുണ്ട്. ഓരോ വിളകൾക്കും യോജിച്ച രീതിയിൽ ഒരു തുള്ളി ജലം പോലും കൃഷി സ്ഥലത്ത് നിന്ന് നഷ്ടപ്പെടാത്ത രീതിയിൽ മണ്ണ് ജലസംരക്ഷണവും നടത്തിയിട്ടുണ്ട്. വളരെ ശാസ്ത്രീയമായി കല്ല് കയ്യാല, മൺവരമ്പ്, മഴക്കുഴി, തെങ്ങിൻെറ തടം, പുതയിടൽ മുതലായ പ്രവർത്തനങ്ങളോടൊപ്പം മിച്ച ജലം മണ്ണിലേയ്ക്ക് താഴ്ത്താനുള്ള തടയണയും, സംരക്ഷിച്ച ജലം സംഭരിക്കാനുള്ള ഒരു കുളവും ഇദ്ദേഹം നിർമ്മിച്ചിട്ടുണ്ട്. കടുത്ത വേനലിലും ഈ തോട്ടത്തിൽ ജലദൗർലഭ്യം അനുഭവപ്പെടാറില്ല. ശക്തമായ മഴയിലും തൽസ്ഥല ജലസംരക്ഷണം പൂർണ്ണമായും മാതൃകപരമായി പറമ്പുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇദ്ദേഹത്തിൻെറ മണ്ണ് , ജല സംരക്ഷണ മാർഗ്ഗങ്ങൾ സമൂഹം മാതൃകയാക്കാവുന്നതാണ്.

---

## ക്ഷോണി പരിപാലക്

ഏറ്റവും നല്ല മണ്ണുസംരക്ഷണം നടത്തുന്ന കർഷകൻ 15,000 രൂപ, ഫലകം, പ്രശംസാപത്രം

### രണ്ടാം സ്ഥാനം

**ശ്രീ. ഇ.ജെ. ജേക്കബ്**
ജേക്കബ്സ്,കാലിക്കറ്റ് യൂണിവേസിറ്റി പി.ഒ.,



മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾ വളരെ ഫലപ്രദമായി നടപ്പാക്കി വരുന്ന ശ്രീ. ഇ.ജെ. ജേക്കബ് ക്ഷോണി പരിപാലക് അവാർഡിന് അർഹനായി. ഇദ്ദേഹത്തിന്റെ ചേലമ്പ്രയിൽ സ്വന്തമായുള്ള 3.5 ഏക്കർ ചെങ്കുത്തായി കിടക്കുന്നതും ചെങ്കൽപ്പാറ നിറഞ്ഞതുമായ തരിശ് നിലത്ത് കഴിഞ്ഞ 45 വർഷമായി ഘട്ടംഘട്ടമായി വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും അവ കാലാകാലങ്ങളിൽ പരിപാലിച്ച് പോരുകയും ചെയ്തു വരുന്നു. കൃഷിയിടങ്ങളിൽ പോകുവാൻ ചെങ്കുത്തായ വഴിയിൽ ജി. ഐ. പൈപ്പ് ഉപയോഗിച്ച് പിടിച്ച് നടക്കുവാൻ ഹാൻഡിൽ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ കൃഷിയിടത്തിൻെറ ഏറ്റവും താഴെയുള്ള നീരുറവ സംരക്ഷിച്ചും കുളം നിർമ്മിച്ചും തോട്ടത്തിൽ ജലസേചനസൗകര്യം ഒരുക്കിയിട്ടുണ്ട്. കല്ല് കയ്യാലകൾ നല്ല രീതിയിൽ നിർമ്മിച്ചും തെങ്ങിൻ തടങ്ങളിൽ ഓല, മറ്റ് പച്ചില ജൈവവസ്തുക്കൾ ഉപയോഗിച്ച് റീസൈക്കിൾ ചെയ്യുന്നുമുണ്ട്. തോട്ടത്തിൽ ഒരു വലിയ മണ്ണിര കമ്പോസ്റ്റ് കൂടി സ്ഥാപിച്ച് ജൈവരീതിയിലുള്ള കൃഷി മുറകൾ അവലംബിച്ചു വരുന്നു.

## ക്ഷോണി മിത്ര

ഏറ്റവും നല്ല മണ്ണുസംരക്ഷണം നടത്തുന്ന കർഷകൻ — 10,000 രൂപ, ഫലകം, പ്രശംസാപത്രം

### മൂന്നാം സ്ഥാനം

**ശ്രീ. വർഗ്ഗീസ് തരകൻ**
**തരകൻ ഹൗസ്, അമല നഗർ, തൃശൂർ**



തൃശ്ശൂർ ജില്ലയിൽ വേലൂർ പഞ്ചായത്തിൽ ശ്രീ. വർഗ്ഗീസ് തരകൻ 4.35 ഏക്കർ പുരയിടത്തിൽ വളരെ നല്ല രീതിയിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി ക്ഷോണി മിത്ര അവാർഡിന് അർഹനായി. ചെരിവുള്ള ഭൂമിയെ പലതട്ടുകളായി തിരിച്ച് തട്ടുകൾക്ക് താഴെ വലിയ കോണ്ടൂർ ട്രഞ്ചുകൾ ചെയ്തും മഴവെള്ളം മുഴുവനായും ഭൂമിയിൽ ഇറങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ട്. ടാപ്പ് ചെയ്യാവുന്ന റബ്ബർ മരങ്ങൾ വെട്ടികളഞ്ഞ് തോട്ടത്തിൽ ആയിരത്തോളം പ്ളാവ് കൃഷി വളരെ ചിട്ടയോടെ ചെയ്ത് വരുന്നു. ആയൂർ ജാക്ക് എന്ന ഇനത്തിൽ പെട്ട പ്ളാവും വാഴകളും കൃഷി ചെയ്തുവരുന്നു. താഴ്ന്ന ഭാഗത്തുള്ള കൃഷിയ്ക്ക് ഡ്രിപ്പ് ഇറിഗേഷൻ സംവിധാനം സ്ഥാപിച്ച് ജല നഷ്ടം ഒഴിവാക്കുന്നു. കൃഷി വ്യാപിപ്പിക്കുന്നതിൻെറ ഭാഗമായി പ്ളാവിൻെറ നഴ്സറിയിൽ തൈ ഉൽപ്പാദിപ്പിച്ച് വിപണനം ചെയ്യുന്നു. ഇദ്ദേഹത്തിൻെറ മണ്ണ് - ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് 2015 - ൽ ഡോ. അംബേദ്കർ അവാർഡ്, ഹരിത തൃശ്ശൂർ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. കൂടാതെ തോട്ടത്തിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കിയതിന്റെ ഫലമായി പരിസരത്തുള്ള വീടുകളിലെ കിണറുകളിൽ കടുത്ത വേനലിൽ പോലും ജലം ലഭിക്കുന്നുണ്ട്.

## കർഷക തിലകം

ഏറ്റവും നല്ല കർഷക വനിത — 25,000 രൂപ, സ്വർണ്ണമെഡൽ, ഫലകം, പ്രശംസാപത്രം

**ശ്രീമതി സാറാമ്മ പൗലോസ്**
**ഉറപ്പുപൊറ്റ, എലവഞ്ചേരി, പാലക്കാട്**



സ്വന്തമായുള്ള 1.4 ഹെക്ടർ സ്ഥലത്ത് നെല്ല്, തെങ്ങ്, വാഴ, ഇഞ്ചി, മഞ്ഞൾ, പാവൽ, പടവലം എന്നീ വിളകൾ കൃഷിചെയ്യുന്നു. ചെറുപ്പകാലം മുതൽ തന്നെ കൃഷിയിൽ വ്യാപൃതയാണ്. ശാസ്ത്രീയ മണ്ണ് പരിശോധന നടത്തി മികച്ച രീതിയിൽ കൃഷി ചെയ്യുന്നു. കൃഷിയിലെ സ്വന്തം അനുഭവങ്ങൾ മറ്റുള്ളവർക്ക് പ്രയോജനപ്പെടും വിധം മറ്റു കർഷകരും കർഷക കൂട്ടായ്മകളുമായും സഹകരിച്ചും പ്രവർത്തിക്കുന്നു. പ്രതിവർഷം ഏകദേശം 5 ലക്ഷം രൂപ കൃഷിയിൽ നിന്നും ലാഭം ലഭിക്കുന്നു.

## ശ്രമശക്തി

ഏറ്റവും നല്ല കർഷക തൊഴിലാളി — 25,000 രൂപ, സ്വർണ്ണമെഡൽ, ഫലകം, പ്രശംസാപത്രം

**ശ്രീമതി സംഗീത മണിക്കുട്ടൻ**
**മടത്തിപ്പറമ്പിൽ, മണ്ണപ്പേട്ട, വരക്കര പി.ഒ. ,**
**തൃശൂർ**



തൃശൂർ ജില്ലയിലെ അളഗപ്പനഗർ, മണ്ണപ്പേട്ട മടത്തിപറമ്പിൽ വീട്ടിൽ ശ്രീമതി സംഗീത മണിക്കുട്ടൻ കർഷക തൊഴിലാളിയാണ്. കേരള കാർഷിക സർവകലാശാലയിലെ വിവിധ പരിശീലന പരിപാടികളിൽ പങ്കെടുത്ത് ബ്രഷ് കട്ടർ, പവർ സ്പ്രേയർ, ടില്ലർ, ട്രാക്ടർ, നടീൽ യന്ത്രം എന്നിവയിൽ പ്രാവീണ്യം നേടിയിട്ടുണ്ട്. അളഗപ്പനഗറിലേയും സമീപ പഞ്ചായത്തുകളിലെ പുതുക്കാട്, തെന്മണികര പഞ്ചായത്തുകളിലെയും കൃഷിയിടങ്ങളിൽ വിവിധ കൃഷിപ്പണി ചെയ്തു വരുന്നു. തരിശൂ കിടക്കുന്ന നെൽ വയലുകൾ പാട്ടത്തിനെടുത്ത് നെൽ കൃഷി, മഞ്ഞൾ, ഇഞ്ചി എന്നിവ ചെയ്തു വരുന്നു. തൊഴിൽ രഹിതരായ സ്ത്രീകൾക്ക് കാർഷിക യന്ത്ര വത്കരണത്തിലൂടെ പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചു മാതൃകയാവാൻ ശ്രീമതി സംഗീത മണിക്കുട്ടന് സാധിച്ചിട്ടുണ്ട്.

# മികച്ച ജൈവകൃഷി നടത്തുന്ന ആദിവാസി ഊര്

## ഒന്നാം സ്ഥാനം

3 ലക്ഷം രൂപ, ഫലകം, പ്രശംസാപത്രം

### മൂലക്കൊമ്പ് ആദിവാസി ഊര്

**പാലക്കാട് ജില്ല**



ഏറ്റവും മികച്ച ആദിവാസി ഊരിനുള്ള അവാർഡിന് അർഹമായത് അഗളി ബ്ലോക്കിൽ പുത്തൂർ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന മൂലക്കൊമ്പ് ആദിവാസി ഊര് ആണ്. 87 കുടുംബങ്ങൾ അടങ്ങുന്ന ഇരുള വിഭാഗത്തിൽപ്പെട്ട ആദിവാസി ജനവിഭാഗം താമസിക്കുന്ന ഈ ഊരിന് 115 ഏക്കർ വിസ്തീർണം ഉണ്ട്. പൂർണമായും കൃഷിയെ മാത്രം ആശ്രയിച്ചു ജീവിക്കുന്നവരാണ് ഈ ഊരിലെ നിവാസികൾ. അന്യമായിക്കൊണ്ടിരിക്കുന്ന റാഗി, ചാമ തുടങ്ങിയ പാരമ്പര്യ കൃഷിരീതികൾ ഇന്നും തുടരുന്ന ഈ ഊരിൽ തികച്ചും ജൈവരീതിയിൽ പ്രകൃതിയെ മാത്രം ആശ്രയിച്ചാണ് കൃഷി ചെയ്യുന്നത്. ചെറുധാന്യങ്ങൾ കൂടാതെ തെങ്ങ്, കുരുമുളക്,പയർ,മുതിര,ചോളം, ചീര തുടങ്ങിയവയും അട്ടപ്പാടിയിൽ മാത്രം കൃഷി ചെയ്യുന്ന ആടുകൊമ്പൻ അമര, അട്ടപ്പാടി തുവര എന്നിവയും കൃഷി ചെയ്യുന്നു.

## രണ്ടാം സ്ഥാനം

2 ലക്ഷം രൂപ, ഫലകം, പ്രശംസാപത്രം

### വഞ്ചിവയൽ ആദിവാസി ഊര്

**ഇടുക്കി ജില്ല**

ഇടുക്കി ജില്ലയിൽ വണ്ടിപ്പെരിയാർ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വഞ്ചിവയൽ ആദിവാസി ഊരിൽ 73 കുടുംബങ്ങൾ വസിക്കുന്നു. ആകെ 283 അംഗങ്ങളുണ്ട്. ഓരോ കുടുംബവും 1 ഹെക്ടറിൽ കുറയാത്ത സ്ഥലത്ത് പരമ്പരാഗത കൃഷികൾ ചെയ്യുന്നുണ്ട്.



പൂർണ്ണമായും ജൈവ രീതിയിലുള്ള കൃഷിയാണ് ചെയ്യുന്നത്. എല്ലാ കുടുംബങ്ങളും മഞ്ഞൾ കൃഷി ചെയ്യുന്നുണ്ട്. ഓരോ കുടുംബത്തിനും ആവശ്യമുള്ള പച്ചക്കറികൾ ഊരിൽ തന്നെ കൃഷി ചെയ്യുന്നു. കുരുമുളക്, കാപ്പി, കൊക്കോ, കുടംപുളി, തെങ്ങ്, കമുക്, കപ്പ എന്നിവയും കൃഷി ചെയ്യുന്നുണ്ട്.

## മൂന്നാം സ്ഥാനം

1 ലക്ഷം രൂപ, ഫലകം, പ്രശംസാപത്രം

### തവളക്കുഴിപ്പാറ മലയൻ ഗോത്ര മഹാസഭ

**തൃശൂർ ജില്ല**



തൃശൂർ ജില്ലയിൽ വെറ്റിലപ്പാറ പഞ്ചായത്തിൽപ്പെടുന്ന സ്ഥലമാണ് തവളക്കുഴിപ്പാറ. പ്രധാന വഴിയിൽ നിന്നും 4 കിലോമീറ്റർ, ഉൾവനത്തിൽ സ്ഥിതി ചെയ്യുന്ന ഈ കോളനിയിൽ 41 കുടുംബങ്ങൾ വസിക്കുന്നു. 133 അംഗങ്ങളാണ് ഇവിടെയുള്ളത്. ഏകദേശം 35 ഏക്കർ സ്ഥലത്ത് വ്യാപിച്ചുകിടക്കുന്ന ഈ ഊരിൽ നെല്ല്, തെങ്ങ്, അടക്ക, കപ്പ, വാഴ, റബ്ബർ എന്നിവ കൂടാതെ പരമ്പരാഗത വിളകളായ ഇഞ്ചി, മഞ്ഞൾ, കൂവ എന്നിവയും കൃഷി ചെയ്യുന്നു.

90 ദിവസം മൂപ്പുള്ള രക്തശാലി എന്നയിനം നെല്ല് 10 ഏക്കർ സ്ഥലത്ത് പുതുതായി കൃഷിചെയ്തിട്ടുണ്ട്. പരമ്പരാഗത ജൈവകൃഷി നാടൻ വിളകളുടെ പരിപാലനം, കൃഷിയിലുള്ള പൂർണ്ണ പങ്കാളിത്തം, നാട്ടറിവുകളുടെ സംരക്ഷണം, കൃഷിയെയും കാടിനെയും, കാട്ടു വിഭവങ്ങളെയും ആശ്രയിച്ചുള്ള ജീവസന്ധാരണം എന്നിവ കണക്കിലെടുത്താണ് മേൽ പറഞ്ഞ ഊരുകൾക്ക് അവാർഡുകൾ നൽകിയത്.

# മികച്ച കാർഷിക പ്രവർത്തനം നടത്തുന്ന റസിഡന്റ്സ് അസോസിയേഷൻ

## ഒന്നാം സ്ഥാനം

1 ലക്ഷം രൂപ, ഫലകം, പ്രശംസാപത്രം

### സാന്ത്വനം റസിഡന്റ്സ് അസോസിയേഷൻ

**എരണ്ടപ്പാടം, ചേലമ്പ്ര, മലപ്പുറം**



മലപ്പുറം ജില്ലയിൽ ചേലമ്പ്ര പഞ്ചായത്ത് അഞ്ചാം വാർഡിലെ സാന്ത്വനം റസിഡന്റ്സ് അസോസിയേഷൻ 2015 മുതൽ പ്രവർത്തിച്ചു വരുന്നു.റസിഡന്റ്സ് അസോസിയേഷനിൽ 656 അംഗങ്ങളും 115 വീടുകളും ഉണ്ട്. നെല്ല്, തെങ്ങ്, കമുക്, വാഴ,കുരുമുളക്,പച്ചക്കറി തുടങ്ങി എല്ലാ വിളകളും 18 ഏക്കർ സ്ഥലത്തു കൃഷി ചെയ്യുന്നു. ജലസംരക്ഷണം, ജലസേചനം എന്നിവ നടപ്പിലാക്കുന്നതിനായി സ്വയംനിയന്ത്രിത തിരിനന സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. 2017 – ൽ 75000 നാളികേരവും, 15000 രൂപയുടെ അടക്ക, 1000 കിലോഗ്രാം വാഴക്കുല, 500 കിലോഗ്രാം കുരുമുളക്, 6 ടൺ പച്ചക്കറി, 75 ടൺ നെല്ല് എന്നിവ ഉത്പാദിപ്പിച്ചു.

മാലിന്യനിർമാർജനം, മഴവെള്ള സംഭരണം, ജൈവ കൃഷി പ്രോഹത്സാഹിപ്പിക്കൽ തുടങ്ങിയ കാര്യങ്ങളിൽ സജീവമായി ഇടപെടുന്ന അസോസിയേഷനിലെ വനിതകൾ കൂട്ടായ്മയിലൂടെ വാഴക്കൃഷി വിജയകരമായി നടപ്പിലാക്കുന്നു.

## രണ്ടാം സ്ഥാനം

50,000 രൂപ, ഫലകം, പ്രശംസാപത്രം

### എടച്ചേരി റസിഡന്റ്സ് അസോസിയേഷൻ

**പള്ളിക്കുന്ന്, പുഴത്തി, കണ്ണൂർ**

കണ്ണൂർ ജില്ലയിൽ പുഴത്തി കൃഷി ഭവൻ പരിധിയിൽപ്പെടുന്ന റസിഡന്റ്സ് അസോസിയേഷൻ ആയ എടച്ചേരി റസിഡന്റ്സ് അസോസിയേഷൻ പരിധിയിൽ 120 വീടുകളിൽ വിവിധ വിളകൾ കൃഷി ചെയ്യുന്നു. ആകെ 10 ഹെക്ടർ സ്ഥലത്ത് വാഴ, നെല്ല്, തെങ്ങ്, പച്ചക്കറി എന്നിവയാണ് കൃഷി ചെയ്യുന്നത്. 8 ഹെക്ടറിൽ തെങ്ങ്, 0.6 ഹെക്ടറിൽ നെല്ല്, 1 ഹെക്ടറിൽ പച്ചക്കറി എന്നിവയും കൃഷി ചെയ്യുന്നു. 2017 വർഷം 15 ടൺ വാഴക്കുല, 2.4 ടൺ നെല്ല്, 20 ടൺ പച്ചക്കറി എന്നിവ ഉല്പാദിപ്പിച്ചു. ഹരിത സേന രൂപീകരിച്ച് പച്ചക്കറി കൃഷി ചെയ്യുന്നു. 1.5 ഏക്കർ തരിശു നിലത്തിൽ നെൽകൃഷി ചെയ്തു വിജയം കൈവരിച്ചിട്ടുണ്ട്.

---

# മികച്ച ഫാം ഓഫീസർ

25,000 രൂപ, സ്വർണ്ണമെഡൽ, ഫലകം, പ്രശംസാപത്രം

### ശ്രീ. എൻ അജയകുമാർ

**കൃഷി ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം,**
**ഉള്ളൂർ, തിരുവനന്തപുരം**



സ്റ്റേറ്റ് സ്വീഡ് ഫാം ഉള്ളൂരിനെ ഹരിത കീർത്തി അവാർഡിന് അർഹനാക്കിയതിൽ മുഖ്യധാര പങ്ക് വഹിച്ച വ്യക്തിയാണ് ശ്രീ. എൻ. അജയകുമാർ. ഈ ഫാമിനെ അത്യുൽപ്പാദന ശേഷിയുള്ള ഒരു തോട്ടമായി വികസിപ്പിക്കാനും ഇദ്ദേഹത്തിന് കഴിഞ്ഞു.

# ജൈവ കാർഷിക മണ്ഡലം അവാർഡുകൾ

മികച്ച നിയോജക മണ്ഡലം

## ഒന്നാം സ്ഥാനം

15 ലക്ഷം രൂപ, ഫലകം, പ്രശംസാപത്രം

### പീരുമേട്

### ശ്രീമതി ഇ.എസ്. ബിജിമോൾ എം.എൽ.എ.



ജൈവവൈവിധ്യ സംരക്ഷണത്തിന് സുപ്രധാന പങ്ക് വഹിച്ച കാർഷിക നിയോജകമണ്ഡലമാണ് പീരുമേട്. നല്ല കൃഷി മുറ സമ്പ്രദായങ്ങൾക്ക് (GAP) ഉള്ള അംഗീകാരം ലഭിച്ച 3625 കർഷകർ, PGS അംഗീകാരം ലഭിച്ച 75 കർഷകർ, മറ്റ് നിരവധി കർഷക ഗ്രൂപ്പുകൾ എന്നിവയാണ് പീരുമേടിന്റെ ജൈവകൃഷി മുന്നേറ്റത്തിൽ പങ്കാളികൾ. പരമ്പരാഗത വിളകളുടെ വ്യാപനത്തിന് ഇവർ പ്രാമുഖ്യം നൽകുന്നു. വഞ്ചിവയൽ ST കോളനിയിൽ നിന്നും ജർമ്മനിയിലേയ്ക്ക് ജൈവ സർട്ടിഫിക്കേഷനുള്ള കുരുമുളക് കയറ്റുമതി ചെയ്യുന്നു. വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനം നല്ല രീതിയിൽ നടപ്പിലാക്കുവാനും മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കുവാനും മണ്ഡലത്തിൽ കഴിഞ്ഞു. പാൽത്തോണി നെല്ലുൾപ്പെടെ അപൂർവ്വ നെൽ വിത്തുകളുടെ ശേഖരം, തേനീച്ച കൃഷി എന്നിവ ജൈവകൃഷിയുടെ അവിഭാജ്യഘടകമായി ഇവിടുത്തെ കർഷകർ കാണുന്നു. 9 പഞ്ചായത്തുകൾ ജൈവവളത്തിന്റെ കാര്യത്തിൽ സ്വയം പര്യാപ്തരാണ്. ജൈവഉത്പന്നങ്ങൾക്ക് പ്രാദേശിക വിപണിയിലൂടെ തന്നെ വിപണനം ഉറപ്പുവരുത്തുന്നു. കൃഷിയും, മൃഗസംരക്ഷണവും പരസ്പരം പൂരകങ്ങളായി ഇവർ പരിപാലിച്ചുവരുന്നു. പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി (പി.ഡി.എസ്.), പീരുമേട് മാർക്കറ്റിംഗ് കോ - ഓപ്പറേറ്റീവ് സൊസൈറ്റി (പി.എം.സി.എസ്.), ഇടുക്കി മലങ്കര ജ്യോതി ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റി (ഐ.എം.ഐ.ഡി.എസ്.) എന്നീ ജൈവകൃഷി പ്രോത്സാഹന സംഘടനകൾ കർഷകർക്ക് വലിയൊരു തുണയായും പ്രവർത്തിക്കുന്നു.





# ജൈവ കാർഷിക മണ്ഡലം അവാർഡുകൾ

മികച്ച നിയോജക മണ്ഡലം

## രണ്ടാം സ്ഥാനം

10 ലക്ഷം രൂപ, ഫലകം, പ്രശംസാപത്രം

**ഒല്ലൂർ**
**അഡ്വ. കെ. രാജൻ എം.എൽ.എ**



കൃഷി, മൃഗസംരക്ഷണം, തേനീച്ച വളർത്തൽ, മത്സ്യകൃഷി, കൂൺ വളർത്തൽ, തുടങ്ങി എല്ലാ അനുബന്ധഘടകങ്ങളും സംയോജിപ്പിച്ചുകൊണ്ടുള്ള കൃഷിരീതികൾ, കോൾ കൃഷിയിലൂടെ ഉത്പാദിപ്പിക്കുന്ന ജൈവഅരി എന്നിവ ഈ മണ്ഡലത്തിന്റെ പ്രത്യേകതയാണ്. വിവിധ വകുപ്പുകൾ, ഏജൻസികൾ എന്നിവയുടെ ഏകോപിത പ്രവർത്തനം പ്രാവർത്തികമാക്കാൻ മണ്ഡലത്തിൽ സാധ്യമായിട്ടുണ്ട്. കാർഷിക സർവ്വകലാശാല, ബയോകൺട്രോൾ ലാബ് തുടങ്ങി ഗവേഷണ കേന്ദ്രങ്ങൾ ജൈവ ഉത്പന്നങ്ങളുടെ ലഭ്യത വർഷം മുഴുവൻ ഉറപ്പുവരുത്തുന്നു. ഒല്ലൂർ കൃഷി സമൃദ്ധി എന്ന പ്രത്യേക പദ്ധതി ജൈവകൃഷി വ്യാപനത്തിന് പ്രാമുഖ്യം നൽകി. ജല ജാഗ്രതാ സമിതി രൂപീകരിച്ചുകൊണ്ടുള്ള ജലസംരക്ഷണ പ്രവൃത്തികൾ കൃഷിയിടത്തിൽ തന്നെയുള്ള ജൈവവള ഉത്പാദനം, മാലിന്യ നിർമ്മാർജ്ജനത്തിനും, ജൈവവള ലഭ്യതയ്ക്കും മുതൽക്കൂട്ടായി. 99 ഗ്രാമീണ കമ്പോസ്റ്റ് യൂണിറ്റുകൾ, 415 വെർമികമ്പോസ്റ്റ് യൂണിറ്റുകൾ 285 ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ മണ്ഡലത്തിലുണ്ട്.









# ജൈവ കാർഷിക മണ്ഡലം അവാർഡുകൾ

മികച്ച നിയോജക മണ്ഡലം

## മൂന്നാം സ്ഥാനം

5 ലക്ഷം രൂപ, ഫലകം, പ്രശംസാപത്രം

**വൈപ്പിൻ**
**ശ്രീ. എസ്. ശർമ്മ എം.എൽ.എ.**



വൈപ്പിനിലെ പൊക്കാളി കൃഷി, ജൈവവൈവിധ്യത്തിനും പരിസ്ഥിതി സംരക്ഷണത്തിനും അനുയോജ്യമായ കൃഷി മുറയാണ്. മത്സ്യക്കൃഷി ഇവിടുത്തെ കർഷകർ അധികം പേരും ചെയ്തു വരുന്നു. ജൈവ വൈപ്പിൻ പദ്ധതി നടപ്പിലാക്കിയതുവഴി പ്രകൃതി സംരക്ഷണത്തിനുള്ള ഒട്ടനവധി കാർഷിക ഇടപെടലുകൾ നടത്തുവാനായി. ജൈവകൃഷിക്കുവേണ്ടി പ്രത്യേക ഫാം സ്കൂളുകൾ നടപ്പിലാക്കുകയുണ്ടായി. കേരഗ്രാമം പദ്ധതി പൂർണ്ണമായും ജൈവ ഉത്പാദനോപാധികൾ ഉപയോഗിച്ച് മാത്രം നടപ്പിലാക്കി. ജൈവ ഉത്പാദനോപാധികളുടെയും ജൈവ ഉത്പന്നങ്ങളുടെയും വിപണനത്തിനായി പ്രാദേശിക ഇക്കോ ഷോപ്പുകൾ, ജൈവ വിപണികൾ എന്നിവ ആരംഭിച്ചിട്ടുണ്ട് .





# ജൈവ കാർഷിക മണ്ഡലം അവാർഡുകൾ

മികച്ച മുനിസിപ്പാലിറ്റി

## ഒന്നാം സ്ഥാനം


3 ലക്ഷം രൂപ, ഫലകം, പ്രശംസാപത്രം

### ചിറ്റൂർ -തത്തമംഗലം- പാലക്കാട് ജില്ല

മാലിന്യ നിർമ്മാർജ്ജനത്തിനും അതുവഴി ജൈവ വള ലഭ്യതയ്ക്കും ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുകയും തുണ്ടൂർമുഴി കമ്പോസ്റ്റ് വ്യാപകമായി പ്രചരിപ്പിക്കുകയും ചെയ്തു. ഉൽപാദിപ്പിക്കപ്പെടുന്ന ജൈവ വളങ്ങൾ അമൃതകം എന്ന ബ്രാൻഡിൽ പ്രാദേശികമായി വിൽക്കുന്നു. 935 പശു, 635 ആട് ഉൾപ്പെടെ മൃഗ പരിപാലനത്തിന് മുൻതൂക്കം നൽകിയുള്ള പ്രവർത്തനങ്ങൾ നടത്തുകയും ഞവര നെല്ല് വ്യാപകമായി പ്രചരിപ്പിക്കുകയും ചെയ്തു. പാലക്കാടൻ മട്ട ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ പ്രവർത്തനങ്ങൾ സ്തുത്യർഹമാണ്. അയ്യൻകാളി തൊഴിലുറപ്പു പദ്ധതിയുടെ കീഴിൽ കിണർ, കുളങ്ങൾ, കനാലുകൾ എന്നിവയുടെ പുനരുദ്ധീകരണത്തിന് ഊന്നൽ നൽകിയുള്ള പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ജൈവ ക്വൃഷി പ്രോത്സാഹനത്തിനായി ഗ്രീൻ ഫീൽഡ് ഫാർമേഴ്സ് ക്ളബ് പ്രവർത്തകരും മുൻപന്തിയിൽ നിൽക്കുന്നു.











# ജൈവ കാർഷിക മണ്ഡലം അവാർഡുകൾ

മികച്ച മുനിസിപ്പാലിറ്റി

## രണ്ടാം സ്ഥാനം

2 ലക്ഷം രൂപ, ഫലകം, പ്രശംസാപത്രം

### ആന്തൂർ- കണ്ണൂർ ജില്ല

ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ജൈവകൃഷി പ്രവർത്തനങ്ങൾ, ജൈവ വളങ്ങളും ഉൽപാദനോപാധികളും ക്ലസ്റ്റർ അടിസ്ഥന ത്തിൽ തന്നെ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നു. തേനീച്ച വളർത്തൽ, കൂൺകൃഷി തുടങ്ങി അനുബന്ധഘടകങ്ങൾ കൃഷിയു മായി സംയോജിപ്പിച്ച് കർഷകരും വരുമാന വർദ്ധനവ് ഉറപ്പു വരുത്തുന്നു.











# ജൈവ കാർഷിക മണ്ഡലം അവാർഡുകൾ

മികച്ച മുനിസിപ്പാലിറ്റി

## മൂന്നാം സ്ഥാനം

1 ലക്ഷം രൂപ, ഫലകം, പ്രശംസാപത്രം

### തൃപ്പൂണിത്തുറ, എറണാകുളം

53 ഏക്കറിൽ പൊക്കാളി നെൽകൃഷി ചെയ്യുന്നതോടൊപ്പം നഗര മാലിന്യ നിർമ്മാർജ്ജനത്തിന് മുൻഗണനയും നൽകുന്നു. നഗര മാലിന്യം കൃഷി ആവശ്യത്തിലേക്കുള്ള ജൈവ വളമായി ഉപയോഗിക്കുന്നു. നഗര പരിധിയിൽ ഹൈടെക് ഫാമിംഗ് പ്രോൽസാഹിപ്പിക്കുന്നതോടൊപ്പം ഗ്രോബാഗിലെ പച്ചക്കറി കൃഷി വിപുലീകരിക്കുന്നതിനും മുൻസിപ്പാലിറ്റി വിജയം കൈവരിച്ചിട്ടുണ്ട്. 2017 വർഷത്തിൽ ഒരു ലക്ഷം ഗ്രോബാഗ് നഗര പരിധിയിൽ വിതരണം നടത്തുകയും ചെയ്തു. ഈ പ്രവർത്തനങ്ങൾ തൃപ്പൂണിത്തുറ മുൻസിപ്പാലിറ്റിയെ ജൈവ കാർഷിക മണ്ഡലം അവാർഡിന് അർഹമാക്കി









# ജൈവ കാർഷിക മണ്ഡലം അവാർഡുകൾ

മികച്ച കോർപ്പറേഷൻ

3 ലക്ഷം രൂപ, ഫലകം, പ്രശംസാപത്രം

## തൃശ്ശൂർ കോർപ്പറേഷൻ

തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ മുഴുവൻ നിവാസികളേയും റസിഡന്റ്സ് അസോസിയേഷനുകളെയും ഉൾപ്പെടുത്തി ജൈവകൃഷി മുന്നേറ്റത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി. നഗരവാസികളിൽ സെയ്ഫ് റ്റു ഈറ്റ് – പഴം, പച്ചക്കറികൾ ഉൽപാദിപ്പിക്കാനുളള പരിശീലനങ്ങളും നിർദ്ദേശങ്ങളും നൽകി. ഒരു നെല്ലും ഒരു മീനും പദ്ധതി വിജയകരമായി നടത്തുകയുണ്ടായി. വിയ്യൂർ ജയിലിൽ ജൈവകൃഷി പദ്ധതി വ്യാപകമായി നടപ്പിലാക്കി. പ്ലാന്റ് ഹെൽത്ത് ക്ളിനിക്കുകൾ, സോയിൽ ഹെൽത്ത് കാമ്പയിനുകൾ എന്നിവ വ്യാപകമായി നടപ്പിലാക്കുകയുണ്ടായി. തരിശുരഹിത തൃശ്ശൂർ എന്ന പദ്ധതിയിലൂടെ തരിശുനിലങ്ങൾ എല്ലാം തന്നെ കൃഷിയോഗ്യമാക്കി.





## കർഷകഭാരതി അവാർഡ്

25,000 രൂപ, ഫലകം, പ്രശംസാപത്രം

**വീണാറാണി ആർ,**
കൃഷി അസിസ്റ്റന്റ് ഡയറക്ടർ,
നിലേശ്വരം, കാസർഗോഡ്.



രണ്ട് പതിറ്റാണ്ടായി ഔദ്യോഗിക ചുമതലകൾ നിർവ്വഹിക്കുന്നതോടൊപ്പം കാർഷിക മാധ്യമരംഗത്ത് പ്രവർത്തിച്ചുവരുന്നു. ഈ കാലയളവിനകം ഏകദേശം 1500 ഓളം ലേഖനങ്ങൾ വിവിധ പത്ര മാസികകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ ആകാശവാണി, ദൂരദർശൻ തുടങ്ങിയ മാധ്യമങ്ങളിൽ കൃഷി സംബന്ധമായ പരിപാടികൾ ചെയ്തുവരുന്നു. ലേഖനങ്ങളിൽ വിഷയ വൈവിധ്യവും ശാസ്ത്രീയതയും കൃഷിരീതികളെക്കുറിച്ചുള്ള വിജ്ഞാന വ്യാപനവുമെല്ലാം മികവുറ്റ രീതിയിൽ കൈകാര്യം ചെയ്തിട്ടുണ്ട്. ഈ കാലയളവിനുള്ളിൽ രണ്ട് പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. കൃഷി വകുപ്പിനുവേണ്ടി ലീഫ്ലെറ്റുകൾ തയ്യറാക്കുകയും കർഷക ക്രിസ്ബുക്ക് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജൈവകൃഷിയെക്കുറിച്ചും ശാസ്ത്രീയമായ കൃഷി രീതികളെക്കുറിച്ചുമുള്ള അറിവുകൾ വാട്ട്സ് ആപ്, യൂ ടൂബ് എന്നീ ഇലക്ട്രോണിക് മാധ്യമങ്ങൾ വഴി കർഷകർക്കും പൊതുജനങ്ങൾക്കും നൽകിവരുന്നു. ഇപ്പോൾ കാസർഗോഡ് ജില്ലയിൽ നീലേശ്വരം ബ്ലോക്കിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടറായി പ്രവർത്തിച്ചുവരുന്നു.

---

## ഹരിതമുദ്ര (ശ്രവ്യമാധ്യമം) അവാർഡ്

75,000 രൂപ, ഫലകം, പ്രശംസാപത്രം

**കമ്യൂണിറ്റി റേഡിയോ ബൻസിഗർ 107.8**
പ്രൊഡ്യൂസർ : ഷബ്ന നൗഫൽ
സംവിധാനം : ജെ. ജേക്കബ്.

2010-ൽ സ്ഥാപിതമായ കമ്യൂണിറ്റി റേഡിയോ ബൻസിഗർ 107.8, സ്ഥാപിതകാലം മുതൽക്കുതന്നെ കൃഷിയുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ അവതരിപ്പിച്ചുവരുന്നു. 2017-18 ൽ കമ്യണിറ്റി റേഡിയോ ബൻസിഗർ കൃഷിയുമായി ബന്ധപ്പെട്ടു രണ്ടു പരമ്പരകൾ പ്രക്ഷേപണംചെയ്തു; ഹരിതജാലകവും കർഷകമിത്രവും. ഹരിതജാലകത്തിൽ കാർഷിക മേഖലയിൽ വിജയിച്ച കർഷകരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുകയും അവരുടെ കൃഷിരീതികൾ വിവരിക്കുകയും ചെയ്യുന്നു. കൃഷിയിലേക്കു ജനങ്ങളെ ആകർഷിക്കാൻ പര്യാപ്തമായ പരമ്പരയാണിത്. മുപ്പത്തിയാറു എപ്പിസോഡുകൾ പിന്നിട്ട ഹരിതജാലകം എല്ലാ തിങ്കളാഴ്ചയും രാവിലെ 8:30 ന് സംപ്രേക്ഷണം ചെയ്യുന്നു. പുനഃസംപ്രേക്ഷണം ബുധനാഴ്ച വൈകിട്ട് 5:30 ന് ചെയ്തുവരുന്നു.

റേഡിയോയിലൂടെയുള്ള കൃഷി പഠനമാണ് കർഷകമിത്ര. ഇരുപത്തിമൂന്നു എപ്പിസോഡുകൾ പിന്നിട്ട ഫോൺ-ഇൻ പരിപാടി ഉൾപ്പെടെ വൈവിധ്യമായ പരിപാടികൾ ലൈവായി ചെയ്തുവരുന്നു. എല്ലാ വ്യാഴാഴ്ചയും മൂന്നു മണിക്കാണ് സംപ്രേക്ഷണം.

## ഹരിത മുദ്ര (അച്ചടി മാധ്യമം) അവാർഡ്

75,000 രൂപ, ഫലകം, പ്രശംസാപത്രം

### മാതൃഭൂമി ഓൺലൈനിലെ കാർഷിക പംക്തി

എഡിറ്റർ : നിത എസ്.വി

മാതൃഭൂമി ഓൺലൈനിൽ കാർഷിക സംബന്ധമായ വാർത്തകളും ഫീച്ചറുകളും പ്രസിദ്ധീകരിക്കുന്ന പംക്തിയാണ് 'അഗ്രികൾച്ചർ'.കർഷകർക്ക് ഉപകാരപ്രദമായ വിവരങ്ങളാണ് ഇതിൽ പ്രസിദ്ധീകരിക്കുന്നത്. ഓൺലൈൻ മാധ്യമങ്ങൾക്ക് ഇക്കാലത്ത് വലിയ സ്വാധീനമാണുള്ളത് അവ ജനങ്ങളിൽ പ്രത്യേകിച്ച് യുവാക്കളിൽ കൃഷിയോട് ആഭിമുഖ്യം ഉണ്ടാക്കുന്നതിൽ വലിയ പങ്കും വഹിക്കുന്നു. വിഷയവൈവിധ്യത്തിലുള്ള മികവും വിഷയത്തെ സമഗ്രമായി കൈകാര്യം ചെയ്യുന്ന രചനാശൈലിയും എഴുത്തിനൊപ്പം വീഡിയോ ക്ളിപ്പുകൾ സന്നിവേശിപ്പിക്കുന്ന രീതിയും മാതൃഭൂമി ഓൺലൈനിലെ കൃഷി പംക്തിയെ വേറിട്ടതും മികവുള്ളതുമാക്കുന്നു. അഗ്രികൾച്ചറിൽ 15 വ്യത്യസ്ത വിഭാഗങ്ങളാണുള്ളത്.

---

## ഹരിത മുദ്ര (ദൃശ്യ മാധ്യമം)

75,000 രൂപ, ഫലകം, പ്രശംസാപത്രം

### ദൂരദർശൻ കേന്ദ്രം തിരുവനന്തപുരത്തിന്റ കൃഷിദർശൻ പരിപാടി

നിർമ്മാണം - ബൈജു ചന്ദ്രൻ, പ്രോഗ്രാം ഹെഡ്, ദൂരദർശൻ

സംവിധാനം : കെ.ടി ശിവാനന്ദൻ, ശശി കാരയ്ക്കാമണ്ഡപം, കുറുച്ചി രാജശേഖരൻ, വി.കെ. സോമശേഖരൻ നായർ

തിരുവനന്തപുരം ദൂരദർശൻ കേന്ദ്രം 2017-18 ൽ സംപ്രേക്ഷണം ചെയ്ത കൃഷിദർശൻ പരിപാടിയാണ് ഹരിത മുദ്ര അവാർഡിനായി പരിഗണിച്ചത്. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ആവശ്യകതയെപ്പറ്റി ഉത്ബോധിപ്പിക്കുന്ന 'വൈഗ 2017', ഓണാട്ടുകരയുടെ വൈവിദ്ധ്യമായ കാർഷികപ്പെരുമയുടെ പുനഃസൃഷ്ടി മുന്നോട്ടു വച്ച 'വിളപ്പെരുമയുടെ ഓണാട്ടുകര' കാർഷിക സെമിനാർ, സമ്മിശ്ര കൃഷിയിലെ വിജയ മികവ് പ്രതിപാദിക്കുന്ന 'പാലും മീനും പച്ചക്കറിയും', സീറോ ബജറ്റ് - പരിസ്ഥിതി സൗഹൃദ കൃഷിയെ അധികരിച്ചുള്ള കാട് പഠിപ്പിച്ച പാഠം, വീട്ടുമാലിന്യങ്ങളുടെ സംസ്ക്കരണവും ഭക്ഷ്യ മീൻ വളർത്തലും പച്ചക്കറി കൃഷി സമന്വയിക്കുന്ന 'അടുക്കളയഴുക്കകറ്റാം' - കറിക്കുള്ള മീൻ വളർത്താം എന്നിവയാണ് ഹരിത മുദ്രയ്ക്ക് പരിഗണിച്ച പരിപാടികൾ.

ദൃശ്യ മികവ്, ലളിതമായ ആശയ വിനിമയ രീതി, കാർഷികാശയങ്ങളും ആവിഷ്ക്കാരങ്ങളും സുഗമമായി ഉൾക്കൊള്ളാനുവുംവിധമുള്ള അവതരണ രീതി, ചിത്ര സംയോജനത്തിലെ മികവ് എന്നിവ പരിഗണിച്ചാണ് അവാർഡ് നൽകിയത്. തിരുവനന്തപുരം ദൂരദർശൻ അവതരിപ്പിക്കുന്ന കൃഷിദർശൻ രാജ്യമെങ്ങുമുള്ള മലയാളികളുടെ പ്രശംസ പിടിച്ചുപറ്റി പോരുന്നു എന്നതും ശ്രദ്ധേയമായ കാര്യമാണ്.





# മികച്ച സ്കൂൾ

## ഒന്നാം സ്ഥാനം

75000 രൂപ, ഫലകം, പ്രശംസാപത്രം

**ഗവൺമെന്റ് യു.പി. സ്കൂൾ, പഴയവിടുതി,**

കൃഷി ഭവൻ - രാജാക്കാട്, നെടുംകണ്ടം, ഇടുക്കി

ഇടുക്കി ജില്ലയിലെ നെടുംകണ്ടം രാജക്കാട് കൃഷി ഭവൻ പരിധിയിലുള്ള, ഗവൺമെന്റ് യു.പി.എസ്. പഴയ വിടുതി സംസ്ഥാനതലത്തിൽ പച്ചക്കറി കൃഷിയിൽ മികച്ച സ്കൂളിനുള്ള ഒന്നാം സമ്മാനത്തിന് അർഹമായി. 50 സെന്റ് സ്ഥലത്ത് ശാസ്ത്രീയമായി ജൈവരീതിയിൽ കൃഷി ഇറക്കിയിരിക്കുന്നു. ബട്ടർ ബീൻസ്, ചീര, വെണ്ട, വിവിധ ഇനം പയർ, വഴുതിന, മുളക്, കാബേജ്, കോളീഫ്ളവർ, മത്തൻ, കൂർക്ക, റാഡിഷ്, കാരറ്റ്, ഗ്രീൻപീസ്, ഉരുളക്കിഴങ്ങ് തുടങ്ങി 26 ഓളം പച്ചക്കറികൾ സ്കൂൾ വളപ്പിൽ കൃഷി ചെയ്തിരിക്കുന്നത് നാട്ടുകാർക്ക് കൗതുക കാഴ്ചയാണ്. നൂതന കൃഷി രീതികളായ സൂക്ഷ്മ ജലസേചനവും, വളപ്രയോഗവും, മഴമറ എന്നിവ ഉപയോഗപ്പെടുത്തുന്നു.



'കുട്ടിയ്ക്ക് ഒരു പച്ചക്കറി' എന്ന പേരിൽ വിദ്യാർത്ഥി സ്വന്തമായി പച്ചക്കറി സ്വന്തം പേരേഴുതി സംരക്ഷിക്കുന്നു എന്നത് വളരെ പ്രത്യേകയാണ്. 2014-15 മുതൽ 2016-17 വരെ വിവിധ കൃഷി പ്രവർത്തനങ്ങൾക്കായി പ്രസ്തുത സ്കൂളിന് പത്തോളം അവാർഡുകൾ ലഭിച്ചിട്ടുണ്ട്. സ്കൂളിലേയ്ക്കു കടന്നു വരുന്ന ഒരോ വ്യക്തിയ്ക്കും പുത്തൻ ഉണർവ്വ് നൽകുന്നതാണ് ഇവിടുത്തെ കൃഷിയിടങ്ങൾ. വിഷരഹിത പച്ചക്കറിയിലൂടെ ആരോഗ്യ സംരക്ഷണവും, സാമ്പത്തിക ലാഭവും കുട്ടികൾക്ക് ബോധ്യപ്പെടുന്നതോടൊപ്പം മണ്ണിനോടും പ്രകൃതിയോടും കാർഷിക വൃത്തിയോടുമുള്ള താല്പര്യവുമുണ്ടാകുന്നു.

# മികച്ച സ്കൂൾ

## രണ്ടാം സ്ഥാനം

50000 രൂപ, ഫലകം, പ്രശംസാപത്രം

**സി. എം. എസ്, എൽ. പി. സ്കൂൾ.**
**എണ്ണൂറാം വയൽ,**
കൃഷിഭവൻ - വെച്ചൂച്ചിറ, റാന്നി, പത്തനംതിട്ട

പച്ചക്കറി കൃഷിയിൻ കീഴിൽ സംസ്ഥാനത്തെ മികച്ച രണ്ടാമത്തെ സ്കൂളായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത് പത്തനം തിട്ട ജില്ലയിലെ റാന്നി, വെച്ചൂച്ചിറ കൃഷി ഭവൻ പരിധിയിലുള്ള എണ്ണൂറാം വയൽ, സി.എം.എസ്. എൽ.പി. എസ്. സ്കൂൾ ആണ്. തക്കാളി, ചീര, വെണ്ട, വിവിധ ഇനം പയർ, വഴുതിന, മുളക്, കാബേജ്, കോവൽ, പപ്പായ, കടല, കറിവേപ്പ്, വാഴ, മുതിര, കൂർക്ക, നെല്ല് തുടങ്ങി വിവിധയിനം പച്ചക്കറികളോടൊപ്പം 330 ഗ്രോബാഗുകളും സ്കൂൾ വളപ്പിലെ 40 സെന്റ് സ്ഥലത്ത് ഭംഗിയായി കൃഷി ചെയ്തിട്ടുണ്ട്. കീടരോഗങ്ങളെ നിയന്ത്രിക്കുന്നതിനായി വേപ്പിൽ കഷായം, ഗോമൂത്രം നേർപ്പിച്ചത്, ജൈവ കീടനാശിനികൾ, കുമിൾ നാശിനികൾ, എന്നിവ ഉപയോഗപ്പെടുത്തുന്നു. മണ്ണിര കമ്പോസ്റ്റ്, ബയോഗ്യാസ് സ്ലറി, ചാണകപ്പൊടി, ഗോമൂത്രം മറ്റു ജൈവ വളങ്ങൾ ഓരോ ഘട്ടങ്ങളിലും ഉപയോഗിക്കുന്നു. കൃഷി വകുപ്പിന്റെ സേവനം ലഭ്യമാക്കിക്കൊണ്ട് പൂർണ്ണമായും ജൈവ കൃഷി രീതികളാണ് അവലംബിച്ചിരിക്കുന്നത്. കുട്ടികൾക്ക് കൃഷിയിൽ താല്പര്യം ജനിപ്പിക്കുന്നതിനുതകും വണ്ണം പച്ചക്കറി കൃഷി മെച്ചപ്പെട്ട രീതിയിൽ നടത്തുവാൻ സ്കൂൾ അദ്ധ്യാപകർ എല്ലാ പ്രോത്സാഹനവും നൽകി വരുന്നു. സ്കൂളിലെ 200 ഓളം വിദ്യാർത്ഥികൾ പച്ചക്കറി കൃഷിയിൽ പങ്കാളികളാകുന്നു. സ്കൂൾ വിദ്യാർത്ഥികൾ തന്നെ ഉപയോഗ ശൂന്യമായ ഫ്ലക്സ് ബോഡുകൾ ഗ്രോബാഗുകളായി മാറ്റി കൃഷിക്ക് ഉപയോഗിക്കുന്നു. ഔഷധ സസ്യത്തോട്ടം, ശലഭോദ്യാനം, കൃഷി മുറ്റ നഴ്സറി, ജൈവ വൈവിധ്യ ഉദ്യാനം എന്നിവ സ്കൂളിലെ കുട്ടികൾ വളരെ ചിട്ടയോടെ പരിപാലിക്കുന്നു. ഇതോടൊപ്പം കര നെൽ കൃഷിയും ചെയ്യുന്നു. മനോരമ നല്ലപാഠം പുരസ്കാരം, മുകുളം പുരസ്കാരം, ശുചിത്വ വിദ്യാലയ അവാർഡ് തുടങ്ങി എട്ടോളം അവാർഡുകൾ ലഭിച്ചിട്ടുണ്ട്. കൃഷി ഭവനിൽ നിന്നും നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കൃഷിയിടത്തിൽ കൊണ്ടുവരുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിച്ചുകൊണ്ട് വിദ്യാർത്ഥികൾ ഏറ്റെടുത്തു നടത്തിയ ഈ സംരംഭം തികച്ചും അഭിനന്ദനാർഹമാണ്.



# മികച്ച സ്കൂൾ

## മൂന്നാം സ്ഥാനം

25000 രൂപ, ഫലകം, പ്രശംസാപത്രം

**ജി. വി. എച്ച്. എസ്. എസ്,**
വൈക്കം വെസ്റ്റ്,
കൃഷിഭവൻ - വൈക്കം, കോട്ടയം

കോട്ടയം ജില്ലയിലെ വൈക്കം കൃഷി ഭവൻ പരിധിയിലുള്ള ജി.വി. എച്ച്.എസ്.എസ്. ആണ് മികച്ച സ്കൂളിനുള്ള മൂന്നാം സ്ഥാനം കരസ്ഥമാക്കിയിരിക്കുന്നത്. സ്കൂൾ വളപ്പിലെ 75 സെന്റ് സ്ഥലത്ത് പാവൽ, പീച്ചിൽ, ചുരക്ക, കാപ്സിക്കം, തക്കാളി, ചീര, വെണ്ട, വിവിധ ഇനം പയർ, വഴുതിന, മുളക്, കാബേജ്, കോവൽ, പപ്പായ, നെല്ല് തുടങ്ങി 18 ഓളം ഇനം കൃഷി ചെയ്യുന്നു. ചാണകപ്പൊടി, എല്ലുപൊടി, വേപ്പിൻ പിണ്ണാക്ക്, മണ്ണിര കമ്പോസ്റ്റ്, വാം, ഗോമൂത്രം മറ്റു ജൈവ വളങ്ങൾ, ഫിഷ് അമിനോ അസിഡ്, ജീവാമൃതം തുടങ്ങി വളപ്രയോഗം നടത്തുന്നു. ഇവിടെ വിളവെടുക്കുന്ന പച്ചക്കറികൾ കുട്ടികളുടെ ഉച്ചഭക്ഷണത്തിനായി എടുത്ത ശേഷം ബാക്കിയുള്ളവ സ്കൂളിൽ സ്പെഷ്യ കൗണ്ടർ മുഖേനയും, ഏക്കോഷോപ്പ് മുഖേനയും വില്പന നടത്തുന്നു. നൂതന കൃഷി രീതികളായ സൂക്ഷ്മ ജലസേചനവും, വളപ്രയോഗവും, മഴമറ, പ്ലാസ്റ്റിക് പുതയിടൽ എന്നിവ കൃഷിയ്ക്ക് ഉപയോഗപ്പെടുത്തിയിരിക്കുന്നു. കടകളിലും അടുക്കളയിലും മാത്രം കണ്ടു പരിചയിച്ചിരുന്ന പച്ചക്കറികൾ സ്വന്തമായി കൃഷി ചെയ്ത് വിളവെടുത്ത സന്തോഷത്തിൽ സ്വന്തം വീട്ടുമുറ്റത്തേയ്ക്കു കൂടി തങ്ങൾക്കു കിട്ടിയ കൃഷി അറിവുകൾ പകർത്തുവാനുള്ള തീവ്രപ്രയത്നത്തിലാണ് ഈ സ്കൂളിലെ ഓരോ വിദ്യാർത്ഥിയും. മികച്ച സ്ഥാപന മേധാവി, മികച്ച ദീപിക ജൈവ നന്മ പദ്ധതിയുടെ കൃഷിത്തോട്ടത്തിനുള്ള ആവാർഡ് തുടങ്ങിയ 8 ഓളം അവാർഡുകൾ ഈ സ്കൂളിന് ലഭിച്ചിട്ടുണ്ട്.



## പച്ചക്കറി വികസന പദ്ധതി അവാർഡുകൾ

# മികച്ച വിദ്യാർത്ഥി

### ഒന്നാം സ്ഥാനം

50000 രൂപ, ഫലകം, പ്രശംസാപത്രം

**കുമാരി അനൂജ സുസൻ ജോയ്**

(എട്ടാം ക്ലാസ് വിദ്യാർത്ഥിനി)

സെന്റ് ആന്റ്സ് ഗേൾസ് എച്ച്.എസ്സ്. കൃഷിഭവൻ - കോട്ടയം,
ഇലഞ്ഞിമറ്റത്തിൽ കോടിമാത, കോട്ടയം



വീട്ടു വളപ്പിൽ ഗ്രോബാഗുകൾ ഉൾപ്പെടെ 75 സെന്റ് സ്ഥലത്താണ് കുമാരി. അനുജയുടെ ഹരിത വിപ്ലവം. വൈവിദ്ധ്യമാർന്ന നൂറോളം പച്ചക്കറികൾ വിളയുന്ന കൃഷിയിടമാണ് അനുജയുടെ പച്ചക്കറിത്തോട്ടം. വഴുതിന, പച്ചമുളക്, പാവൽ, പടവലം, വെണ്ട, മുളകുകൾ, ഇറ്റാലിയൻ ലെറ്റൂസ്, പാഴ്സലി, സെലറി, പുതിന, മല്ലിയില, ആഫ്രിക്കൻ മല്ലി, കാബേജ്, കോളിഫ്ളവർ, ബ്രക്കോളി, റാഡിഷ്, നോൾകോൾ, കാരറ്റ്, ടർണിപ്പ് കാരറ്റ് , ഉരുളക്കിഴങ്ങ്, സവോള, വെളുത്തുള്ളി, ചൗചൗ, വിവിധ ഇനം തക്കാളികൾ , രംഭ ഇല വിവിധ ഇനം കൂവകൾ, പെരുംജീരകം മുതലായ 100 ഓളം പച്ചക്കറികൾ കൃഷി ചെയ്തു വരുന്നു. ഇലഞ്ഞിമറ്റം ഒരു കാർഷിക കളരിയായി മാറ്റിയിരിക്കുകയാണ് ഈ മിടുക്കി.

### രണ്ടാം സ്ഥാനം

25000 രൂപ, ഫലകം, പ്രശംസാപത്രം

**മാസ്റ്റർ ഹിലാൽ മുഹമ്മദ്**

(പന്ത്രണ്ടാം ക്ലാസ് വിദ്യാർത്ഥി)

ബെഞ്ച് മാർക്ക് ഇന്റർനാഷണൽ സ്കൂൾ, കൃഷിഭവൻ - കൽപകഞ്ചേരി, തിരൂർ മലപ്പുറം



145 സെന്റ് കൃഷിയിടത്തിൽ വിവിധ ഇനം ചീരകൾ, വെണ്ട, പയർ, നിത്യവഴുതിന, മുളക്, കാബേജ്, കോളീഫ്ലവർ, മത്തൻ, കാരറ്റ്, മധുര കിഴങ്ങ്, ബ്രോക്കോളി, റാഡിഷ്, ലെറ്റൂസ്, വിവിധ ഇനം തക്കാളികൾ, സവാള തുടങ്ങിയ 35 ഓളം ഇനം പച്ചക്കറികൾ വളരെ ശാസ്തീയമായ രീതിയിൽ കൃഷി ചെയ്യുന്നു. ഇതിൽ നിന്നും 5800 കിലോയോളം വിളവ് ലഭിച്ചു. നൂതന കാർഷിക വിദ്യകളായ വിക്ക് ഇറിഗേഷൻ, ഡ്രിപ്പ് ഇറിഗേഷൻ എന്നിവ നല്ലരിതിയിൽ തന്റെ കൃഷിയിടത്തിൽ അനുവർത്തിക്കുയും വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള മറ്റ് കർഷകർക്ക് പ്രചോദനം ആകുകയും ചെയ്യുന്നു. ശാസ്ത്രീയമായ രീതിൽ കൃഷി പരിപാലനം നടത്തുന്ന ഹിലാൽ മുഹമ്മദ് സ്വന്തമായി പച്ചക്കറി തൈകൾ ഉല്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നു.

### മൂന്നാം സ്ഥാനം

15000 രൂപ, ഫലകം, പ്രശംസാപത്രം

**മാസ്റ്റർ അതുൽ കൃഷ്ണ എം.**

(പത്താം ക്ലാസ് വിദ്യാർത്ഥി)

റ്റി.എം.വി.എച്ച്.എസ്.എസ്, പെരുമ്പിലാവ്, കൃഷിഭവൻ - കടവല്ലൂർ, തൃശ്ശൂർ



50 സെന്റ് സ്ഥലത്ത് ന്യൂതന കൃഷിരീതികളായ പ്രസിഷൻ ഫാമിംഗ്, സൂക്ഷ്മ ജലസേചനവും, വളപ്രയോഗവും, മഴമറ എന്നിവ ഉപയോഗിച്ച് വളരെ മികച്ച രീതിയിൽ ചീര, വെണ്ട, പയർ, വഴുതിന, മുളക്, കാബേജ്, കോളീഫ്ളവർ, മത്തൻ, തുടങ്ങിയവ കൃഷിചെയ്യുന്നു. തികച്ചും ജൈവ രീതിയിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ നട്ടുകാർക്ക് ഏറ്റവും പ്രിയമാണ്. സ്കൂൾ കൃഷിയിൽ സഹായിക്കുകയും സ്വന്തമായി ജൈവവളങ്ങൾ, ജൈവകീടനാശിനികൾ എന്നിവ നിർമ്മിക്കുകയും നാട്ടുകാർക്ക് മാതൃകയാകുന്ന രീതിയിൽ രക്ഷിതാക്കളെ കൃഷിയിൽ സഹായിക്കുകയും ചെയ്ത് മികച്ച വിളവ് നേടിയിരിക്കുന്നു ഈ കൊച്ചു കർഷകൻ. സ്കൂൾ കാർഷിക ക്ലബ്ബിലെ സജീവ പങ്കാളിത്തത്തിലൂടെ സഹപാഠികൾക്കും മാതൃകയാണ് അതുൽ കൃഷ്ണൻ.

# മികച്ച സ്ഥാപന മേധാവി

## ഒന്നാം സ്ഥാനം

50000 രൂപ, ഫലകം, പ്രശംസാപത്രം

**ശ്രീ. ജോയ് ആൻഡ്രൂസ്,**
ഗവൺമെന്റ് യു.പി. സ്കൂൾ, പഴയവടുതി,
കൃഷിഭവൻ - രാജാക്കാട്, നെടുങ്കണ്ടം, ഇടുക്കി



നൂതന കൃഷി രീതികളായ സൂക്ഷ്മ ജലസേചനവും, വളപ്രയോഗവും ഉപയോഗപ്പെടുത്തി സ്കൂളിനു ചുറ്റുമുള്ള 50 സെന്റ് സ്ഥലത്ത് വിവിധയനം പച്ചക്കറികൾ കൃഷിചെയ്യുന്നു. രാസവളങ്ങളുടെയും, കീടനാശിനുകളുടെയും ദോഷഫലങ്ങളെക്കുറിച്ചുള്ള ബോധവല്കരണം ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് നൽകുന്നു.കുട്ടിയ്ക്ക് ഒരു പച്ചക്കറി എന്ന പേരിൽ കുട്ടി തന്നെ സ്വന്തമായി പച്ചക്കറി സ്വന്തം പേരേഴുതി സംരക്ഷിക്കുന്നു. പൂർണ്ണമായും ജൈവ വളങ്ങൾ അവലംബിക്കുന്നു. സ്കൂളിലെ പച്ചക്കറിത്തോട്ടത്തിൽ ഉല്പാദിപ്പിക്കുന്ന വിവിധ വിത്തുകൾ സംഭരിച്ച് വിദ്യാർത്ഥികൾക്ക് തങ്ങളുടെ വീടുകളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി വിതരണം നടത്തുന്നു. പച്ചക്കറി ജൈവരീതിയിൽ കൃഷി ചെയ്യാനുള്ള ഉത്തേജനം വിദ്യാർത്ഥികൾക്ക് നൽകി എന്നതാണ് ഈ അദ്ധ്യാപകന്റെ നേട്ടം.

## രണ്ടാം സ്ഥാനം

25000 രൂപ, ഫലകം, പ്രശംസാപത്രം

**ശ്രീ. റ്റി.ജി. ഗോപിനാഥൻ പിള്ള,**
ഗവൺമെന്റ് യു.പി. സ്കൂൾ, കൃഷിഭവൻ - തോന്നല്ലൂർ, പന്തളം, പത്തനംതിട്ട



സ്കൂളിനു ചുറ്റുമുള്ള ഏകദേശം 25 സെന്റ് സ്ഥലത്താണ് ശ്രീ. ഗോപിനാഥൻ പിള്ള പച്ചക്കറി കൃഷി ചെയ്യുന്നത്. കൃഷ്ണ, കവേരി, ഗംഗ, യമുന, സിന്ധു എന്നീ പേരുകളിൽ ക്ലബ്ബുകൾ രൂപീകരിച്ച് പച്ചക്കറി കൃഷിയിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു. മുൻ വർഷങ്ങളേക്കാൾ മികച്ച രീതിയിൽ നൂതന ശാസ്ത്രീയ മാർഗ്ഗങ്ങൾ പ്രകൃതി സൗഹൃദപരമായി കണ്ടെത്തി പൂർണ്ണമായും ജൈവ കൃഷി രീതിയാണ് അവലംബിക്കുന്നത്. പച്ചക്കറി വിത്തുകൾ ശേഖരിച്ച് തൈകളാക്കി വിദ്യാർത്ഥികളുടെ വീടുകളിൽ കൃഷിയ്കായി നൽകി ഈ അദ്ധ്യാപകൻ സ്കൂളിന് മാതൃകയാകുന്നു.

## മൂന്നാം സ്ഥാനം

15000 രൂപ, ഫലകം, പ്രശംസാപത്രം

**ശ്രീ. ഹരിദാസൻ എ.,**
ജി.എച്ച്. എസ്. വെറ്റിലപ്പാറ, കൃഷിഭവൻ - ഉറങ്ങാട്ടിരി, മഞ്ചേരി, മലപ്പുറം



സ്കൂളിലെ 60 സെന്റ് സ്ഥലത്ത് വിവിധ തരം പച്ചക്കറികൾ കൃത്യതയോടും വളരെ ഭംഗിയായും കൃഷി ചെയ്തിരിക്കുന്നു. നൂതന കൃഷി രീതികളായ മഴമറ, പ്ലാസ്റ്റിക് പുതയിടൽ, തിരിനന വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തിക്കൊടുത്തിരിക്കുന്നു. കൃഷി രീതികളെ സംബന്ധിച്ച സെമിനാറുകൾ, കുട്ടിച്ചന്തകൾ എന്നിവ ഇദ്ദേഹത്തിന്റെ മേൽ നോട്ടത്തിൽ നടത്തുന്നു. ജൈവ കൃഷി രീതികളെക്കുറിച്ച് വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അവബോധം നൽകുവാനും കൃഷി ഒരു ജീവിതരീതിയാക്കി മാറ്റുവാനും ഇദ്ദേഹത്തിനു കഴിഞ്ഞു.

## പച്ചക്കറി വികസന പദ്ധതി അവാർഡുകൾ

## മികച്ച അധ്യാപകൻ

### ഒന്നാം സ്ഥാനം

50000 രൂപ, ഫലകം, പ്രശംസാപത്രം

**ശ്രീ. ബി.ബാബു,**
എസ്.എൻ. ട്രസ്റ്റ് ഹയർസെക്കന്ററി സ്കൂൾ,
കൃഷിഭവൻ - ചെറിയനാട്, ചെങ്ങന്നൂർ, ആലപ്പുഴ



സ്കൂളിൽ അധ്യാപകന്റെ നേതൃത്വത്തിൽ ഒരു ഏക്കർ സ്ഥലത്ത് വിവിധ പച്ചക്കറി വിളകൾ കൃഷിചെയ്യുന്നു. കൃഷിയിൽ നിന്നും 1450 കിലോയോളം വിളവ് ലഭിച്ചു. സ്കൗട്ട് ആന്റ് ഗൈഡ്സ് എസ്.പി.സി. എൻ.എസ്.എസ്. എന്നിവയുടെ അഭിമുഖ്യത്തിൽ മികച്ച രീതിയിൽ കാർഷിക പ്രവർത്തനം നടത്തിവരുന്നു. കൃഷിയോടുള്ള കുട്ടികളുടെ താൽപര്യവും വാസനയും വളർത്തിയെടുക്കുവാൻ അദ്ധ്യാപകന് സാധിച്ചതോടെ ഈ കൂട്ടർക്ക് തങ്ങളുടെ സ്വന്തം വീടിന് ചുറ്റും ആവശ്യത്തിന് പച്ചക്കറികൾ ഉണ്ടാക്കുവാനുള്ള പരിഞ്ജാനവും ലഭിച്ചു കഴിഞ്ഞു. കൃത്യനിഷ്ഠതയോടുകൂടിയുള്ള കൃഷി പരിപാലന മുറകൾ ഓരോ ചെടിക്കും ലഭിച്ച വിളവുകളോടൊപ്പം രേഖപ്പെടുത്തി മറ്റുള്ളവരെക്കാൾ വ്യത്യസ്തരാക്കുകയും ചെയ്തു.

### രണ്ടാം സ്ഥാനം

25000 രൂപ, ഫലകം, പ്രശംസാപത്രം

**ശ്രീമതി രാജി എം. ജോർജ്**
ജി.എച്ച്.എസ്. വെറ്റിലപ്പാറ, കൃഷിഭവൻ - ഉറങ്ങാട്ടിരി, മഞ്ചേരി, മലപ്പുറം



സ്കൂളിലെ കുട്ടികൾക്കൊപ്പം കൃഷി ചെയ്ത് ഏവർക്കും മാതൃകാപരമായി പ്രവർത്തിക്കുന്ന ശ്രീമതി രാജി, ചാലിയാർ, ഭാരതപ്പുഴ, പെരിയാർ, പമ്പ, കബനി എന്നിങ്ങനെ ക്ലബ്ബുകൾ രൂപീകരിച്ച് വിദ്യാർത്ഥികളെ പച്ചക്കറി കൃഷിയിൽ പങ്കെടുപ്പിക്കുകയും നൂതന കാർഷിക കൃഷി രീതികളായ മഴമറ, പ്ലാസ്റ്റിക് പുതയിടൽ,എന്നിവ പരിചയപ്പെടുത്തുകയും ചെയ്തു. തികച്ചും ജൈവരീതിയിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ വില്പന നടത്തിയതിലൂടെ സ്കൂളിലെയ്ക്കു് നല്ലൊരു വരുമാനം ഉണ്ടക്കുവാൻ സാധിച്ചു.

### മൂന്നാം സ്ഥാനം

15000 രൂപ, ഫലകം, പ്രശംസാപത്രം

**ശ്രീമതി ബീന എം.എസ്.**
വൊക്കേഷണൽ ടീച്ചർ,
ഗവൺമെന്റ് ഫിഷറീസ് വി.എച്ച്.എസ്.എസ്., കൃഷിഭവൻ - കൈപ്പമംഗലം, തൃശ്ശൂർ



സ്കൂളിലെ ഒന്നര ഏക്കറോളം സ്ഥാലത്ത് വിവിധയിനം പച്ചക്കറികൾ അദ്ധ്യാപികയുടെ നേതൃത്വത്തിൽ ഭംഗിയായി കൃഷി ചെയ്തിട്ടുണ്ട്. സ്കൂളിലെ കുട്ടികളുടെ വിവിധ കാർഷിക ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾക്ക് ഉത്തേജനം പകരുന്നതിന് മുന്നിൽ നിന്നു പ്രവർത്തിച്ചു എന്നത് ഈ അദ്ധ്യാപികയുടെ നേട്ടമാണ്. ശാസ്ത്രീയമായ രീതിയിൽ കൃഷി പരിപാലനം നടത്തുന്നു. കൃത്യതാ കൃഷി രീതി, സങ്കരയിനം വിത്തുകളുടെ ഉപയോഗം എന്നിവ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തി കൊടുക്കുകയും കൃഷിയോടുള്ള അഭിമുഖ്യം വളർത്തുകയും ചെയ്യുന്നു.





## പച്ചക്കറി വികസന പദ്ധതി അവാർഡുകൾ

# മികച്ച ക്ലസ്റ്റർ

### ഒന്നാം സ്ഥാനം

50000 രൂപ, ഫലകം, പ്രശംസാപത്രം

**വായ്പൂർ സ്വാശ്രയ കാർഷിക വികസന സമിതി**
കൃഷിഭവൻ - കോട്ടാങ്കൽ, മല്ലപ്പള്ളി, പത്തനംതിട്ട



വിവിധ ഇനം പച്ചക്കറികൾ കൃഷി ചെയ്യുന്നതിൽ നിന്നും ഏകദേശം 205.5 മെട്രിക് ടണ്ണോളം വിളവ് ലഭിക്കുന്നു. പച്ചക്കറി കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾ ദിവസേന എത്തിച്ചു വിപണനം ചെയ്യുന്നതിന് "നിറവ്" എന്ന പേരിൽ ഒരു സംഭരണ വിപണന കേന്ദ്രം ആരംഭിച്ചു.

### രണ്ടാം സ്ഥാനം

25000 രൂപ, ഫലകം, പ്രശംസാപത്രം

**നൂറനാട് എ ഗ്രേഡ് പച്ചക്കറി ക്ലസ്റ്റർ**
കൃഷിഭവൻ - നൂറനാട്, ചാരുമൂട്, ആലപ്പുഴ



5 ഹെക്ടർ സ്ഥലത്ത് വിവിധയിനം പച്ചക്കറികൾ ജൈവകൃഷി രീതിയിൽ കൃഷി ചെയ്തതിൽ നിന്നും 60.8 ടണ്ണോളം വിളവ് ലഭിച്ചു. തുടർച്ചയായ കൃഷി സ്ഥലത്തിന്റെ ലഭ്യതക്കുറവ് പരിഗണനയിലെടുത്തുകൊണ്ട് ലഭ്യമായ സ്ഥലങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനോടൊപ്പം ഉല്പാദനവും വിപണനവും ഏകോപിപ്പിച്ച് കർഷകരുടെ ക്ഷേമം ഉറപ്പുവരുത്തുന്നു. വിപണനത്തിനായി ലേല വിപണി പ്രവർത്തിക്കുന്നു. കൂടാതെ ലാഭവിഹിതം കർഷകർക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. ഗുണമേന്മയുള്ള തൈകൾ ഉല്പാദിപ്പിച്ച് വിപണനം നടത്തുകയും ചെയ്യുന്നു.

### മൂന്നാം സ്ഥാനം

15000 രൂപ, ഫലകം, പ്രശംസാപത്രം

**എരിക്കുളം പച്ചക്കറി ക്ലസ്റ്റർ**
മടിക്കൈ, കാഞ്ഞങ്ങാട്, കാസറഗോഡ്



11 ഹെക്ടർ സ്ഥലത്തായി വിവിധയിനം പച്ചക്കറികൾ തികച്ചും ജൈവരീതിയിൽ കൃഷി ചെയ്തതിൽ നിന്നും ഏകദേശം 136.5 ടണ്ണോളം വിളവ് ലഭിക്കുകയുണ്ടായി. യുവകർഷകർ പങ്കുചേർന്ന് നടീൽ മുതൽ വിപണനം വരെയുള്ള എല്ലാ പ്രവർത്തനങ്ങളും ക്ലസ്റ്ററിന്റെ മേൽനോട്ടത്തിൽ നടത്തിവരുന്നു. തികച്ചും ജൈവ കൃഷിരീതികൾ അവലംബിച്ചുകൊണ്ട് വിഷവിമുക്തമായ പച്ചക്കറികൾ ഉല്പാദിപ്പിച്ചെടുക്കുവാൻ കഴിഞ്ഞു എന്നതാണ് ഈ ക്ലസ്റ്ററിന്റെ വിജയം.



## പച്ചക്കറി വികസന പദ്ധതി അവാർഡുകൾ

# മികച്ച സ്വകാര്യസ്ഥാപനം

### ഒന്നാം സ്ഥാനം

50000 രൂപ, ഫലകം, പ്രശംസാപത്രം

**ബാഫഖി യത്തീംഖാന ആർട്സ് & സയൻസ് കോളേജ് ഫോർ വുമൺ**

കൃഷിഭവൻ - കൽപ്പകഞ്ചേരി, വളാഞ്ചേരി, മലപ്പുറം



തരിശായി കാടു പിടിച്ചു കിടന്ന ഒരേക്കർ സ്ഥലം പൂർണ്ണമായും ജൈവ കൃഷി രീതിയിൽ കൃഷിയോഗ്യമാക്കി മാറ്റി. നൂതന ജലസേചന മാർഗ്ഗങ്ങളായ തിരിനന, തുള്ളിനന, മൈക്രോസ്.പ്രിംഗ്ലർ എന്നിവയും പ്രയോജനപ്പെടുത്തുന്നു. ഒരേക്കർ കൃഷി സ്ഥലത്തു നിന്നും ഏകദേശം 5632 കിലോഗ്രാം വിളവ് ലഭിക്കുകയുണ്ടായി. ജനങ്ങൾക്കിടയിലും വിദ്യാർത്ഥി സമൂഹത്തിനിടയിലും വിഷരഹിത - ജൈവ പച്ചക്കറി കൃഷിയെക്കുറിച്ച് അവബോധം സൃഷ്ടിക്കുവാൻ കഴിഞ്ഞു എന്നതാണ് ഈ സ്ഥാപനത്തിനെ ഒന്നാം സ്ഥാനത്തിനർഹമാക്കിയത്.

### രണ്ടാം സ്ഥാനം

25000 രൂപ, ഫലകം, പ്രശംസാപത്രം

**സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ്**

പുതുശ്ശേരി, കൃഷിഭവൻ - കല്ലൂപ്പാറ, മല്ലപ്പള്ളി, പത്തനംതിട്ട



ഒന്നര ഏക്കർ സ്ഥലത്ത് വിവിധയിനം പച്ചക്കറികളും കിഴങ്ങു വർഗ്ഗങ്ങളും വളരെ നല്ല രീതിയിൽ കൃഷി ചെയ്യുകയും ഏകദേശം 1835 കിലോഗ്രാം വിളവ് ലഭിക്കുകയും ചെയ്തു. പ്ലാസ്റ്റിക് മൾച്ചിംഗ്, തുള്ളിനന പോലുള്ള നൂതന കൃഷി രീതികൾ അവലംബിക്കുന്നു. വളരെ ചിട്ടയോടെ പച്ചക്കറി കൃഷി ചെയ്ത് മറ്റുള്ളവർക്ക് മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുവാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്.

### മൂന്നാം സ്ഥാനം

15000 രൂപ, ഫലകം, പ്രശംസാപത്രം

**സൃഷ്ടി ചാരിറ്റബിൾ ട്രസ്റ്റ്**

നല്ലത്താണി, കൃഷിഭവൻ - മൂന്നാർ, ഇടുക്കി




1 ഏക്കർ 50 സെന്റ് സ്ഥലത്ത് വിവിധയിനം പച്ചക്കറികൾ കൃഷി ചെയ്ത് ഏകദേശം 3898.77 കിലോഗ്രാം വിളവ് ലഭിച്ചിട്ടുണ്ട്. 6 മഴമറ യൂണിറ്റുകളിലും കൃഷി ചെയ്തിട്ടുണ്ട്. "സൃഷ്ടി ഗാർഡൻ പ്രോജക്റ്റ്" എന്ന പേരിൽ മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കായി ഒരു പ്രോജക്റ്റ് വിജയകരമായി ഇവർ നടത്തിവരുന്നു.

## പച്ചക്കറി വികസന പദ്ധതി അവാർഡുകൾ

# മികച്ച പൊതുസ്ഥാപനം

### ഒന്നാം സ്ഥാനം

50000 രൂപ, ഫലകം, പ്രശംസാപത്രം

**പോലീസ് സ്റ്റേഷൻ ബിനാനിപുരം**
ആലുവ ബ്ലോക്ക്, കൃഷിഭവൻ- കൊടുങ്ങല്ലൂർ, എറണാകുളം



1.47 ഏക്കർ തരിശായി കിടന്നിരുന്ന ഭൂമി കാർഷികയോഗ്യമാക്കി വിവിധയിനം പച്ചക്കറികൾ കൃഷി ചെയ്യുന്നു. 30 അംഗങ്ങളുള്ള ഈ സ്ഥാപനത്തിലെ മുഴുവൻ അംഗങ്ങളും കൃഷിയിൽ പങ്കാളികളാകുന്നു. ഇക്കോളജിക്കൽ എഞ്ചിനീയറിംഗിന്റെ ഭാഗമായി ബന്തി ചെടികൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. വൃത്തിയായ കൃഷിയിടം, സൂക്ഷ്മ ജലസേചന ക്രമീകരണങ്ങൾ, കളകൾ ഇല്ലാത്ത കൃഷിയിടം, ജീവാണു വളങ്ങളുടെ പ്രയോഗം എന്നിവയാണ് ഈ സ്ഥാപനത്തിന് ഒന്നാം സ്ഥാനം കരസ്ഥമാക്കുവാൻ സഹായിച്ച ഘടകങ്ങൾ.

### രണ്ടാം സ്ഥാനം

25000 രൂപ, ഫലകം, പ്രശംസാപത്രം

**മാർത്തോമാ കോളേജ്**
കുറ്റപ്പുഴ, കൃഷിഭവൻ- തിരുവല്ല, പത്തനംതിട്ട



ഒരേക്കറോളം കാടു പിടിച്ചു കിടന്ന സ്ഥലം കിളച്ചു വൃത്തിയാക്കി വിവിധയിനം പച്ചക്കറികൾ തികച്ചും ജൈവരീതിയിൽ കൃഷി ചെയ്യുന്നു. ഇതു കൂടാതെ വിത്തുകളുടെ തിരഞ്ഞെടുപ്പ്, തൈകളുടെ ഉല്പാദനം, ജൈവകീടനാശിനി തയ്യാറാക്കൽ, കീടനിയന്ത്രണം, പന്തൽ നിർമ്മാണം, കമ്പോസ്റ്റ് നിർമ്മാണം, മറ്റ് കൃഷി പരിപാലന മുറകൾ എല്ലാം തന്നെ വിദ്യാർത്ഥികളുടെ കൂട്ടായ പ്രവർത്തനത്തിലൂടെ പ്രാവർത്തികമാക്കി. ജൈവ കൃഷിയുടെ സന്ദേശം സമൂഹത്തിലേയ്ക്ക് എത്തിക്കുവാനുള്ള ഒരു പരിശ്രമം നടത്തുവാൻ ഈ സ്ഥാപനത്തിനു സാധിച്ചു എന്നതാണ് മാർത്തോമ്മാ കോളേജിനെ രണ്ടാം സ്ഥാനത്തിനർഹമാക്കിയത്.

### മൂന്നാം സ്ഥാനം

15000 രൂപ, ഫലകം, പ്രശംസാപത്രം

**എ. എൽ. പി. എസ്.**
പൂണ്ടൂർ, കൃഷിഭവൻ- ചെങ്കള, കാസറഗോഡ്



ജൈവരീതി അവലംബിക്കുന്ന കൃഷിയിലൂടെ വിവിധയിനം പച്ചക്കറികൾ സ്കൂൾ വളപ്പിലെ ഒരേക്കർ സ്ഥലത്ത് കൃഷി ചെയ്യുന്നു. ഒരേക്കർ സ്ഥലത്തെ കൃഷിയിൽ നിന്നും ഏകദേശം 4225 കിലോഗ്രാം വിളവ് ലഭിക്കുകയുണ്ടായി. കാർഷിക മേഖലയിലെ നൂതന വിദ്യയായ കണിക ജലസേചനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. അദ്ധ്യാപകരുടേയും സ്കൂളിലെ ഹരിത ക്ലബ്ബ് അംഗങ്ങളുടേയും പ്രവർത്തന ഫലമായി നല്ല രീതിയിലുള്ള വിളവ് ലഭിക്കുവാനും കുട്ടികൾക്ക് ഉച്ചഭക്ഷണത്തിന് വിഷമില്ലാത്ത പച്ചക്കറി നൽകുന്നതിനും സാധിച്ചിട്ടുണ്ട്.

# മികച്ച മട്ടുപ്പാവ് കൃഷി

## ഒന്നാം സ്ഥാനം

50000 രൂപ, ഫലകം, പ്രശംസാപത്രം

**ശ്രീ. തോമസ് എബ്രഹാം**

കുന്നേൽ ടോണി വില്ല, കൃഷിഭവൻ- കടപ്ര, തിരുവല്ല, പത്തനംതിട്ട



മട്ടുപ്പാവിൽ 100 ചതുരശ്ര മീറ്ററിൽ 300 ഓളം ഗ്രോബാഗുകളിൽ വിവിധയിനം പച്ചക്കറികൾ കൃഷി ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും 200 കിലോയോളം പച്ചക്കറി വിളവ് ലഭിച്ചു. പൂർണ്ണമായും ജൈവ വളങ്ങളാണ് മട്ടുപ്പാവിലെ കൃഷിയ്ക്കായി ഉപയോഗിച്ചു വരുന്നത്. ഗ്രോബാഗുകളിൽ ജലസേചന സൗകര്യത്തിനായി മഴവെള്ളം സംഭരിച്ച് നൂതന രീതികളായ ഡ്രിപ്പ് ഇറിഗേഷൻ, വിക്ക് ഇറിഗേഷൻ, ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ എന്നിവ അവലംബിക്കുന്നു. ശ്രീ. തോമസ് സ്വന്തമായി മട്ടുപ്പാവ് കൃഷി നടത്തുന്നതിനോടൊപ്പം അയൽക്കാരെയും കൃഷിയുടെ പ്രധാന്യത്തെക്കുറിച്ച് മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുന്നു എന്നതുതന്നെ ഇദ്ദേഹത്തെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാക്കുന്നു.

## രണ്ടാം സ്ഥാനം

25000 രൂപ, ഫലകം, പ്രശംസാപത്രം

**ശ്രീമതി സിമി എ.ജെ.**

റംല മൻസിൽ, കൃഷിഭവൻ- കുറ്റിച്ചൽ, കാട്ടാക്കട, തിരുവനന്തപുരം



ശ്രീമതി. സിമി മട്ടുപ്പാവിൽ 1500 ചതുരശ്ര അടിയിൽ 450 ഓളം ഗ്രോബാഗുകളിൽ വിവിധ ഇനംപച്ചക്കറികൾ കൃഷി ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും 495 കിലോയോളം പച്ചക്കറി വിളവ് ലഭിച്ചു. പൂർണമായി ജൈവരീതികൾ അവലംബിക്കുന്ന ശ്രീമതി സിമി, കൃഷിരീതികൾ മറ്റുള്ളവരിലേയ്ക്ക് പകർന്നുകൊടുക്കുന്നതിനും പ്രത്യേക ശ്രദ്ധ പതിപ്പിച്ചു. മട്ടുപ്പാവിൽ വിളയിച്ചെടുത്ത് പച്ചക്കറികൾ മിതമായ നിരക്കിൽ നാട്ടുകാർക്ക് ലഭ്യമാക്കുകയും അതിൽ നിന്നും വരുമാനം ഉണ്ടാക്കുയും ചെയ്യുന്നു.

## മൂന്നാം സ്ഥാനം

15000 രൂപ, ഫലകം, പ്രശംസാപത്രം

**ശ്രീമതി സഫിയാ**

ആനപ്പുറം, കൃഷിഭവൻ- പരപ്പനങ്ങാടി, മലപ്പുറം



ശ്രീമതി. സഫിയ മട്ടുപ്പാവിൽ 100 ഓളം ഗ്രോബാഗുകളിൽ പച്ചക്കറി കൃഷി ചെയ്യുന്നു. ഇതിൽ നിന്നും 200 കിലോയോളം പച്ചക്കറി വിളവ് ലഭിച്ചു. പൂർണ്ണമായും ജൈവരീതിയിൽ ആണ് കൃഷി നടത്തുന്നത്. മഴയിൽ നിന്നും വെയിൽ നിന്നും കൃഷിയെ സംരക്ഷിക്കുന്നതിനായി നൂതന കാർഷിക വിദ്യയായ മഴമറ കൃഷി രീതി ഉപയോഗിക്കുന്നു.

## പച്ചക്കറി വികസന പദ്ധതി അവാർഡുകൾ

# മികച്ച റസിഡൻസ് അസോസിയേഷൻ

### ഒന്നാം സ്ഥാനം

50000 രൂപ, ഫലകം, പ്രശംസാപത്രം

**തൃച്ചംബരം ഹരിത ഗ്രൂപ്പ്**

കൃഷിഭവൻ- തളിപ്പറമ്പ, കണ്ണൂർ



റെസിഡന്റ്സ് അസോസിയേഷൻ പരിധിയിലുള്ള 170 വീടുകളിൽ ഏകദേശം 1 ഏക്കർ സ്ഥലത്ത് 110 ഗ്രോബാഗുകൾ ഉൾപ്പെടെപൂർണ്ണമായും ജൈവ കൃഷി രീതികൾ അവലംബിച്ച് പച്ചക്കറി കൃഷി മികച്ച രീതിയിൽ ചെയ്തിരിക്കുന്നു. ഇതിൽ നിന്നും 9370 കിലോഗ്രാം പച്ചക്കറി ഉല്പദാപിക്കുന്നതിന് സാധിച്ചു. തികച്ചും ജൈവ രീതിയിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ അസോസിയേഷന്റെ പരിധിയിലുള്ള മറ്റു വീടുകളിലേയ്ക്കും പൊതുജനങ്ങളിലേയ്ക്കു മിതമായ വിലയിൽ എത്തിക്കുന്നതിന് ആഴ്ച ചന്തകൾ നടത്തി വരുന്നു. ഇവിടുത്തെ പച്ചക്കറികൾ നാട്ടുകാർക്ക് ഏറെ പ്രിയമാണ്. റെസിഡന്റ് അസോസിയേഷനിലെ വീടുകളിലെ മാലിന്യ സംസ്കരണത്തിനുള്ള നടപടികൾ സ്വീകരിച്ച് അവ പച്ചക്കറികൃഷിക്ക് ഉപയുക്തമാക്കുന്നു. നൂതന കൃഷി രീതികളായ സൂക്ഷ്മ ജലസേചനവും, വളപ്രയോഗവും എന്നിവ ഉപയോഗപ്പെടുത്തുന്നു. വീടുകളിലെ പച്ചക്കറിത്തോട്ടം ഏവരേയും ആകർഷിക്കുന്നരീതിയിലാണ് ഒരുക്കിയിരിക്കുന്നത്.

### രണ്ടാം സ്ഥാനം

25000 രൂപ, ഫലകം, പ്രശംസാപത്രം

**ഗാന്ധിനഗർ റസിഡൻസ് അസോസിയേഷൻ**

കൃഷിഭവൻ- വിൽവട്ടം, ഒല്ലൂക്കര, തൃശ്ശൂർ




65 വീടുകളിൽ ഏകദേശം 2 ഏക്കർ സ്ഥലത്ത് 300 ഗ്രോബാഗുകൾ ഉൾപ്പെടെ പൂർണ്ണമായും ജൈവ കൃഷി രീതികൾ അവലംബിച്ച് പച്ചക്കറി കൃഷി മികച്ച രീതിയിൽ ചെയ്തിരിക്കുന്നു. ഈ അസോസിയേഷനിൽ അധികം വരുന്ന ഉല്പന്നങ്ങൾ ആഴ്ച ചന്തയിലൂടെ മറ്റുള്ളവർക്ക് എത്തുന്ന തരത്തിൽ വില്പന നടത്തുന്നു. ജൈവ മാലിന്യ സംസ്കരണത്തിനുള്ള വിവിധ മാർഗ്ഗങ്ങളെക്കുറിച്ച് പരിശീനങ്ങൾ നൽകുകയും വീടുകളിൽ മാലിന്യ സംസ്കരണ യൂണിറ്റുകൾ നിർമ്മിച്ച് ഉപയോഗിക്കുകയും ചെയ്യുന്നു. അസോസിയേഷനിലെ ഭാരവാഹികൾ അംഗങ്ങൾക്ക് കൃഷി സംബന്ധമായ എല്ലാത്തിനും സഹായങ്ങൾ നൽകി വരുന്നു.

### മൂന്നാം സ്ഥാനം

15000 രൂപ, ഫലകം, പ്രശംസാപത്രം

**മതേതര റസിഡൻസ് അസോസിയേഷൻ**

കൃഷിഭവൻ- കൊല്ലം, കൊല്ലം



റെസിഡന്റ്സ് അസോസിയേഷൻ പരിധിയിലുള്ള 65 വീടുകളിൽ ഏകദേശം 2 ഏക്കർ സ്ഥലത്ത് 300 ഗ്രോബാഗുകൾ ഉൾപ്പെടെ പൂർണ്ണമായും ജൈവ കൃഷി രീതികൾ അവലംബിച്ച് പച്ചക്കറി കൃഷി ചെയ്തിരിക്കുന്നു. ശാസ്ത്രീയമായും മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലാണ് കൃഷി ചെയ്യുന്നത്. ഇവിടെ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ആഴ്ചയിൽ രണ്ടു പ്രാവശ്യം ചന്ത നടത്തി വിറ്റഴിക്കുന്നു. ലാഭ നഷ്ടങ്ങളില്ലാതെ കർഷകർ നേരിട്ട് അവരവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് വേണ്ട സൗകര്യങ്ങൾ അസോസിയേഷൻ ഭാരവാഹികൾ നടപ്പിലാക്കുന്നു. കോർപ്പറേഷന്റെ സഹകരണത്തോടെ മാതൃകാ കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുകയും, പച്ചക്കറി വിത്ത് ഉല്പാദിപ്പിച്ച് മറ്റു കർഷകർക്കായി വിതരണം നടത്തി അവരെക്കൂടി കൃഷിയിൽ പങ്കാളികളാക്കുയും ചെയ്തു. അസോസിയേഷൻ പരിധിയിലെ വീടുകളിലെ അടുക്കള മാലിന്യങ്ങൾ സംസ്കരിക്കുന്നതിലേയ്ക്കായി ബക്കറ്റ് കമ്പോസ്റ്റ് വ്യാപകമാക്കിയത് എടുത്തു പറയത്തക്ക നേട്ടമാണ്.



## പച്ചക്കറി വികസന പദ്ധതി അവാർഡുകൾ

# മികച്ച ആദിവാസി ക്ലസ്റ്റർ

### ഒന്നാം സ്ഥാനം

50000 രൂപ, ഫലകം, പ്രശംസാപത്രം

**പുലരി പച്ചക്കറി ക്ലസ്റ്റർ**
കൃഷിഭവൻ - ആറളം, ഇരിട്ടി, കണ്ണൂർ



ക്ലസ്റ്ററിൽ 12.5 ഏക്കർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യപിച്ചു കിടക്കുന്ന കാഴ്ച കൗതുകകരമാണ്. മൈക്രോ ഇറിഗേഷൻ വിത്ത് ഫെർട്ടിഗേഷൻ, പ്ലാസ്റ്റിക് മൾച്ചിംഗ്, സോളർ പവർ ലൈറ്റ് ട്രാപ്പ്, ഫിറമോൾ ട്രാപ്പ്, സ്റ്റിക്കി ട്രാപ്പ് എന്നീ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നു. പൂർണമായും ജൈവരീതി അവലംബിക്കുന്ന ഈ ക്ലസ്റ്റർ മാതൃകാപരമാണ്.

### രണ്ടാം സ്ഥാനം

25000 രൂപ, ഫലകം, പ്രശംസാപത്രം

**എന്തുംപള്ളി ക്ലസ്റ്റർ**
കൃഷിഭവൻ - ഉറങ്ങാട്ടിരി,
മഞ്ചേരി, മലപ്പുറം



സ്വന്തമായി 5 ഏക്കർ സ്ഥലവും പാട്ടത്തിന് എടുത്ത 20 ഏക്കർ സ്ഥലം ഉൾപ്പെടെ ആകെ 25 ഏക്കർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിച്ചു കിടക്കുന്നു. വിള വർദ്ധനവിനായി പൂർണ്ണമായും ജൈവവളങ്ങൾ, ചാണകം, വേപ്പിൻ പിണ്ണാക്ക്, ട്രൈക്കോഡർമ്മ, ചാണകത്തിൽ സംമ്പുഷ്ടീകരിച്ച് അടിവളമായി ഉപയോഗിക്കുന്നു. കൃഷിയ്ക്ക് എല്ലാ വിധ സഹായങ്ങളും ആധുനിക കൃഷി രീതികളെക്കുറിച്ചുള്ള അറിവും ഉറങ്ങാട്ടിരി കൃഷി ഭവനിലെ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ എന്തും പള്ളി ക്ലസ്റ്ററിലെ കൃഷിക്കാർക്ക് നൽകുന്നു.

# പച്ചക്കറി വികസന പദ്ധതി അവാർഡുകൾ

## മികച്ച കൃഷി അസിസ്റ്റന്റ് ഡയറക്ടർ

### ഒന്നാം സ്ഥാനം

50000 രൂപ, ഫലകം, പ്രശസ്തിപത്രം

**ശ്രീമതി ലിസി ആന്റണി**

**കോതമംഗലം ബ്ലോക്ക്, എറണാകുളം**



പച്ചക്കറി വികസന പദ്ധതിയുടെ വിവിധ ഘടകങ്ങൾ വളരെ വിജയകരമായി നടപ്പിലാക്കുവാൻ സാധിച്ചു. കാടുപിടിച്ച് ഉപയോഗശൂന്യമായി കിടന്ന കാളവയലിനെ ഗ്രീൻസിറ്റി ആക്കുന്ന മാതൃകാ പദ്ധതിയ്ക്ക് തുടക്കമിട്ടു. വീടുകളിൽ മിച്ചം വരുന്ന പഴങ്ങളും പച്ചക്കറികളും ഉണക്കി സൂക്ഷിക്കുന്നതിന് സോളാർ ഹോം ഡ്രയർ സ്വന്തമായി ഉണ്ടാക്കി. സ്ഥലപരിമിതിയിൽ ജീവിക്കുന്നവർക്ക് പച്ചക്കറി കൃഷി ചെയ്യുന്നതിനായി 2 തരം മോഡുലാർ കിച്ചൺ ഗാർഡൻ മോഡലുകൾ നിർമ്മിച്ചു. കൂടാതെ കോതമംഗലം ബ്ലോക്കിലെ 75% വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്ന കുട്ടമ്പുഴ പഞ്ചായത്തിലെ ആദിവാസി കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ച് ബോധവർക്കരിക്കാനുള്ള പരിശ്രമം നടത്തി.

### രണ്ടാം സ്ഥാനം

25000 രൂപ, ഫലകം, പ്രശസ്തിപത്രം

**ശ്രീമതി സിന്ധുകുമാരി**

**പരപ്പ ബ്ലോക്ക്, കാസറഗോഡ്**

പച്ചക്കറി വികസന പദ്ധതി പ്രകാരമുള്ള വിവിധ ഘടകങ്ങൾ നല്ല രീതിയിൽ പൂർത്തീകരിക്കുവാൻ സാധിച്ചു. ജില്ലാതല ക്ലസ്റ്റർ 10 എണ്ണമാക്കി ഉയർത്തുവാനും കൂടുതൽ കർഷകരെ പച്ചക്കറി കൃഷിയിലേയ്ക്ക് കൊണ്ടുവരുവാനും സാധിച്ചു. 6.2 ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കി തീർത്തു. കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കുവാൻ ബുദ്ധിമുട്ടുള്ള ഘടകങ്ങളായ മൈക്രോ ഇറിഗേഷൻ വിത്ത് ഫെർട്ടിഗേഷൻ, മഴമറ എന്നീ ഘടകങ്ങൾ വളരെ വിജയകരമായി പരപ്പ ബ്ലോക്കിൽ നടപ്പിലാക്കുവാൻ സാധിച്ചു. ബ്ലോക്കിലെ പച്ചക്കറി ഉല്പാദനം 300 ടൺ പ്രതിവർഷം എന്നുള്ളത് ഏകദേശം 600 ടണ്ണിലേയ്ക്ക് ഉയർത്തുവാൻ കഴിഞ്ഞു.



### മൂന്നാം സ്ഥാനം

15000 രൂപ, ഫലകം, പ്രശസ്തിപത്രം

**ശ്രീമതി മീന നായർ**

**ചേർത്തല ബ്ലോക്ക്, ആലപ്പുഴ**



മികച്ച കൃഷി അസിസ്റ്റന്റ് ഡയറക്ടർക്കുള്ള മൂന്നാം സ്ഥാനം ആലപ്പുഴ ജില്ലയിൽ ചേർത്തല ബ്ലോക്കിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടറായ ശ്രീമതി മീനാ നായർ കരസ്ഥമാക്കി. പച്ചക്കറി വികസന പദ്ധതിയിൽ നടപ്പിലാക്കിയ എല്ലാ ഘടകങ്ങളും വിജയത്തിലെത്തിക്കുവാൻ സാധിച്ചു. ഈ പദ്ധതിയുടെ കീഴിൽ 5 'എ' ഗ്രേഡ് ക്ലസ്റ്ററുകളും 6 ഗുഡ് ക്ലസ്റ്ററുകളും പ്രവർത്തിക്കുന്നു. മഴക്കാലത്ത് കൃഷി ചെയ്യുന്നതിന് കാർഷിക നൂതന രീതിയായ മഴമറ കൃഷി പ്രചരിപ്പിച്ചു. കൂടാതെ വിഷരഹിത പച്ചക്കറികൾ ജില്ലയിൽ എത്തിക്കുന്നതിന് 'വിഷുക്കണി 2017' എന്ന പച്ചക്കറി വിപണനശാല ബ്ലോക്കിൽ ആരംഭിച്ചു.



# മികച്ച കൃഷി ഓഫീസർ

## ഒന്നാം സ്ഥാനം

50000 രൂപ, ഫലകം, പ്രശംസാപത്രം

### ശ്രീ. ജോസഫ് ടി. എം.

കൃഷിഭവൻ - ചെങ്കൽ
പാറശാല ബ്ലോക്ക്, തിരുവനന്തപുരം



ജനകീയ പരിപാടികളിലൂടെ പച്ചക്കറി വികസന പദ്ധതിയുടെ വിവിദ ഘടകങ്ങൾ നടപ്പിലാക്കി. ജൈവപച്ചക്കറി ഉല്പാദനത്തിനായി വലിയ തോതിൽ ബോധവൽക്കരണവും ജനകീയ മുന്നേറ്റവും ഉണ്ടാക്കി. കാർഷിക വികസന പദ്ധതിയുടെ വിവിധ ഘടകങ്ങൾ വളരെ വിജയകരമായി പൂർത്തിയാക്കുവാൻ ശ്രീ ജോസഫിന് സാധിച്ചു. വിഷരഹിതമായി പച്ചക്കറി ഉല്പാദിപ്പിക്കുന്നതിന് സഹായകരമായി കർഷകർക്ക് സാങ്കേതിക വിദ്യകൾ പകർന്നു നൽകുന്നതിനും അത്തരം ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിന് സംഭരണ വിപണന കേന്ദ്രം ആരംഭിക്കുന്നതിനും സാധിച്ചു. ഇതുകൂടാതെ ഈ പ്രദേശത്ത് പച്ചക്കറി കൃഷിയിൽ ഒരു പുതിയ അവബോധം സൃഷ്ടിക്കുവാൻ കഴിഞ്ഞു. നിരന്തര സന്ദർശനങ്ങൾ വഴി പച്ചക്കറി വികസന പദ്ധതിയിൽ പങ്കാളികളായ വിവിധ സ്ഥാപനങ്ങൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ പച്ചക്കറി കൃഷിയെക്കുറിച്ച് പുതിയ ചലനം സൃഷ്ടിക്കുവാനും സാധിച്ചു. കഴിഞ്ഞ ഓണത്തിന് കൃഷി വകുപ്പ് നടപ്പിലാക്കിയ ഓണസമൃദ്ധി പദ്ധതി നല്ല രീതിയിൽ നടത്തുന്നതിന് ശ്രീ ജോസഫ് മുഖ്യ പങ്ക് വഹിച്ചിരുന്നു.

## രണ്ടാം സ്ഥാനം

25000 രൂപ, ഫലകം, പ്രശംസാപത്രം

### ശ്രീമതി ശ്രീലേഖ പി.

കൃഷിഭവൻ - ഇടയൂർ,
വളാഞ്ചേരി ബ്ലോക്ക്, മലപ്പുറം



പച്ചക്കറി വികസന പദ്ധതിയുടെ വിവിധ ഘടകങ്ങൾ വളരെ വിജയകരമായി നടപ്പിലാക്കുവാൻ സാധിച്ചു. ജൈവകീടനാശിനി, കുമിൾ നാശിനി, ജൈവ വളങ്ങൾ, മണ്ണിര കമ്പോസ്റ്റ്, ചകിരിച്ചോർ, കമ്പോസ്റ്റ് എന്നിവ ലഭ്യമാക്കുന്ന ഒരു ഇക്കോഷോപ്പ് പ്രവർത്തിച്ചുവരുന്നു. പച്ചക്കറികളുടെ മൂല്യവർദ്ധനത്തിനായി പ്രത്യേകിച്ചും എടയൂർ മുളക് കൊണ്ടാട്ടത്തിനായി ഒരു വനിതാ സ്വയം സഹായസംഘം രൂപീകരിക്കുകയും അനേകം പരിശീലന പരിപാടികളും ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിക്കുകയുമുണ്ടായി. കേരള കാർഷിക സർവ്വകലാശാലയുടെ ഭൗമസൂചികാപദവിക്കുള്ള ഇനങ്ങളിൽ എടയൂർ മുളകിനെ ഉൾപ്പെടുത്തുന്നതിന് സാധിച്ചു. ലഭ്യമായ പദ്ധതികളുടെ വിവേകപൂർണ്ണമായ സംയോജനത്തിലൂടെ കൃഷിഭവനെ സാങ്കേതിക കേന്ദ്രമാക്കി ഉയർത്തുവാൻ സാധിച്ചു എന്നതാണ് ശ്രീമതി ശ്രീലേഖയെ രണ്ടാം സ്ഥാനത്തെത്തിച്ചത്.

## മൂന്നാം സ്ഥാനം

15000 രൂപ, ഫലകം, പ്രശംസാപത്രം

### ഡോ. എ. ജെ. വിവെൻസി

കൃഷിഭവൻ - താന്നിയം
അന്തിക്കാട് ബ്ലോക്ക്, തൃശ്ശൂർ



കാലാവസ്ഥാ വ്യതിയാനം മറികടക്കുന്നതിന് സംരക്ഷിത കൃഷിയും കൃത്യതാകൃഷിയും പ്രചരിപ്പിച്ചു. എല്ലാ പച്ചക്കറികളുടെയും വിപണനം ഉറപ്പുവരുത്തുന്നതിനായി പച്ചക്കറി സംഭരണ വിതരണം കേന്ദ്രം ആരംഭിച്ചു. നൂതന സാങ്കേതിക വിദ്യയായ മണ്ണ് രഹിത പച്ചക്കറി കൃഷി, വെജിറ്റബിൾ തെറാപ്പി, മൂല്യവർദ്ധിത യൂണിറ്റുകൾ എന്നിവ നടപ്പിലാക്കുവാൻ സാധിച്ചു.

# മികച്ച കൃഷി അസിസ്റ്റന്റ്

## ഒന്നാം സ്ഥാനം

50000 രൂപ, ഫലകം, പ്രശംസാപത്രം

**ശ്രീ. സുമേഷ് സി.കെ.**

കൃഷിഭവൻ - ആറളം, ഇരിട്ടി, കണ്ണൂർ



ഊർജ്ജിത പച്ചക്കറി വികസന പദ്ധതിയിൽ നടത്തിയ എല്ലാ പ്രവർത്തനങ്ങളിലും ശ്രീ സുമേഷ് നേതൃത്വം നൽകി. ജില്ലാതല ക്ലസ്റ്ററിന്റെ ഭാഗമായി ആറളം ഫാമിലെ പുനരധിവാസ മേഖലയിൽ 15 വർഷത്തിലധികം തരിശായി കിടന്ന സ്ഥലത്ത് ആദിവാസികളുടെ ഗ്രൂപ്പ് രൂപീകരിച്ച് 5 ഹെക്ടർ സ്ഥലത്ത് വിവിധയിനം പച്ചക്കറികൾ കൃഷി ചെയ്യാൻ സാധിച്ചു. പച്ചക്കറി കൃഷിയിലെ വിവിധ ഘടകങ്ങൾ ഫലപ്രദമായി നടപ്പിലാക്കി. ആറളം ഫാമിലെ ആദിവാസി ഗ്രൂപ്പിനെ പച്ചക്കറി കൃഷിയിലേയ്ക്ക് ആകർഷിക്കുവാൻ കഴിഞ്ഞു എന്നതാണ് ശ്രീ സുമേഷ് സി.കെ. - യെ ഒന്നാം സ്ഥാനത്തിന് അർഹനാക്കിയത്.

## രണ്ടാം സ്ഥാനം

25000 രൂപ, ഫലകം, പ്രശംസാപത്രം

**ശ്രീ. സുനിൽകുമാർ കെ.എം.**

കൃഷിഭവൻ - ചെങ്കൽ, തിരുവനന്തപുരം

ഊർജ്ജിത പച്ചക്കറി വികസന പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ ഘടകങ്ങൾ വിജയകരമായി നടപ്പിലാക്കുവാൻ സാധിച്ചു. പച്ചക്കറി വികസന പദ്ധതിയുടെ വിവിധ ഘടകങ്ങൾ നടപ്പിലാക്കുകയും പച്ചക്കറി കൃഷിയ്ക്ക് വേണ്ട പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. ജൈവ വളങ്ങളും ജൈവ കീടനാശിനികളും നിർമ്മിക്കുവാനും വിപുലീകരിക്കുന്നതിനും ശ്രീ സുനിൽ കുമാർ പ്രധാന പങ്ക് വഹിച്ചു. അനേകം ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.



## മൂന്നാം സ്ഥാനം

15000 രൂപ, ഫലകം, പ്രശംസാപത്രം

**ശ്രീ. ഭാസ്കരൻ കെ.**

കൃഷിഭവൻ - പള്ളിക്കര, കാസർഗോഡ്



പച്ചക്കറി വികസന പദ്ധതിയുടെ വിവിധ ഘടകങ്ങൾ വളരെ നല്ല രീതിയിൽ നടപ്പിലാക്കിയാണ് ശ്രീ ഭാസ്കരൻ ഈ വിജയം നേടിയത്. പച്ചക്കറി കൃഷിയിൽ കൃഷി ഭവൻ മുഖേന ലഭ്യമാക്കുന്ന മുഴുവൻ ആനുകൂല്യങ്ങളും വിശദമാക്കിക്കൊണ്ട് പള്ളിക്കര കൃഷിഭവൻ 2017 - 18 - ൽ പുറത്തിറക്കിയ ബഹുവർണ്ണ വാർത്താപത്രിക മറ്റു കൃഷിഭവനുകൾക്കും അനുകരണീയമായ പ്രവർത്തനമായിരുന്നു. വിത്തു മുതൽ വിപണി വരെയുള്ള പച്ചക്കറി കൃഷി രീതികളും, പച്ചക്കറി കൃഷിയിൽ പള്ളിക്കര കൃഷിഭവൻ നടപ്പിലാക്കിവരുന്ന പദ്ധതികളും വാർത്താപത്രികയിൽ വിശദമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പ്രവൃത്തി മറ്റു ഉദ്യോഗസ്ഥർക്കും മാതൃകയാക്കാൻ സാധിച്ചു എന്നതാണ് ഇദ്ദേഹത്തിന്റെ വിജയം.

# ഓണത്തിന് ഒരുമുറം പച്ചക്കറി

## ഒന്നാം സ്ഥാനം

1 ലക്ഷം രൂപ, ഫലകം, പ്രശംസാപത്രം

**ശ്രീമതി ബീന സഹദേവൻ**
പുന്തക്കുഴി ഹൗസ്,
കൃഷിഭവൻ - മതിലകം, പുതിയകാവ്, തൃശ്ശൂർ



10 വർഷമായി പച്ചക്കറി കൃഷിയിൽ മുൻ പരിചയമുള്ള ശ്രീമതി ബീന സഹദേവൻ മുഖ്യമായും പാട്ടത്തിനു സ്ഥലമെടുത്താണ് കൃഷി ചെയ്യുന്നത്. സ്വന്തമായുള്ള 33 സെന്റ് പുരയിടത്തിലെ ചെറിയ വീടിന്റെ ടെറസ്സിലും ഒരു വീട്ടിലേയ്ക്കാവശ്യമായ ശീതകാല പച്ചക്കറിയുൾപ്പെടെയുള്ള എല്ലായിനങ്ങളും കൃഷി ചെയ്യുന്നുണ്ട്. 500 ഗ്രോബാഗുകളിലും പാട്ടത്തിനെടുത്ത 2.5 ഏക്കറിലും പച്ചക്കറികൾക്കു പുറമേ വാഴ, മരിച്ചീനി, കൂർക്ക, കരനെല്ല് എന്നിവയും കൃഷി ചെയ്തു വരുന്നു. വിളകൾക്കാവശ്യമായ ജൈവവളവും വീട്ടിൽ തന്നെ ഉല്പാദിപ്പിക്കുന്നു. ഗാർഹിക മാലിന്യങ്ങളിൽ നിന്നും ഉല്പാദിപ്പിക്കുന്ന ബയോഗ്യാസിന്റെ സ്ലറി മുഖ്യ വളമാണ്. ഇതുകൂടാതെ കൃഷിയിടത്തിലെ ഉല്പന്നങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഒരു കാറ്ററിംഗ് യൂണിറ്റും സ്വന്തമായുണ്ട്. കേരള സർക്കാരിന്റെ "കർഷകതിലകം" പ്രോത്സാഹന അവാർഡുകൾ ഉൾപ്പെടെ ഒട്ടേറെ പുരസ്കാരങ്ങൾ ശ്രീമതി ബീന സഹദേവന് ലഭിച്ചിട്ടുണ്ട്. 2015-ലെ തൃശ്ശൂർ കൃഷി വിജ്ഞാൻ കേന്ദ്രത്തിന്റെ 'മാതൃകാ വനിതാ കർഷക' മതിലകം ബ്ലോക്ക് 'ആത്മ അവാർഡ്", ഗാന്ധിജി സ്റ്റഡി സെന്റർ 'കർഷകതിലക് പുരസ്കാരം' 2016-ലെ സരോജിനി-ദാമോദർ ഫൗണ്ടേഷൻ അക്ഷയശ്രീ അവാർഡ് തുടങ്ങിയവ ലഭിച്ചിട്ടുണ്ട്.

## രണ്ടാം സ്ഥാനം

50000 രൂപ, ഫലകം, പ്രശംസാപത്രം

**ശ്രീമതി ബിന്ദു സിബി.**
മണിയാമ്പറയിൽ
കൃഷിഭവൻ - കുണാപുരം, ഇടുക്കി



850 ഗ്രോബാഗുകളിൽ 1 ഏക്കർ സ്ഥലത്തും തികച്ചും ജൈവരീതിയിൽ ബീൻസ്, ക്യാബേജ്, മല്ലി, തക്കാളി, വെണ്ട, ചീര, പയർ, വഴുതന, പാവൽ പച്ചമുളക് തുടങ്ങി വിവിധ ഇനങ്ങൾ കൃഷി ചെയ്തുവരുന്നു. നൂതന ജലസേചനമാർഗ്ഗങ്ങളാണ് ഇവർ സീകരിച്ചുവരുന്നത്.

## മൂന്നാം സ്ഥാനം

25000 രൂപ, ഫലകം, പ്രശംസാപത്രം

**ശ്രീമതി നിർമല എൽ,**
ശ്യാം നിവാസ്, പട്ടം തുരുത്തു പി.ഒ,
കൃഷിഭവൻ-മൺട്രോതുരുത്ത്, കൊല്ലം



150 ഗ്രോബാഗുകളിലും 40 സെന്റ് സ്ഥലത്തും തികച്ചും ജൈവ രീതിയിൽ വിവിധ ഇനം പച്ചക്കറികൾ കൃഷി ചെയ്തു വരുന്നു. പ്രതികൂല കാലാവസ്ഥയിലും ഏറ്റവും ഫലപ്രദമായി പച്ചക്കറി കൃഷി ചെയ്യുന്നു എന്നതാണ് ഈ വീട്ടമ്മയുടെ പ്രത്യേകത. വേലിയേറ്റം ഏറ്റവും രൂക്ഷമായ മൺട്രോ തുരുത്ത് പഞ്ചായത്തിൽ സ്വന്തമായി ഒരു കൃഷി രീതി പരീക്ഷിച്ച് ഓണവിപണിയിൽ 75 കിലോ പച്ചക്കറി നൽകുകയുണ്ടായി. ശീതകാല പച്ചക്കറികൾ എല്ലാ സീസണിലും നമുക്കും ഉല്പാദിപ്പിക്കാം എന്ന് ഈ കർഷക തെളിയിച്ചു.

# വിജ്ഞാനവ്യാപനത്തിനുള്ള മികച്ച കൃഷി ഉദ്യോഗസ്ഥർക്കുള്ള സംസ്ഥാനതല അവാർഡ്: 2017

വിവിധതലങ്ങളിൽ കൃഷിവകുപ്പിൽ സേവനം അനുഷ്ഠിക്കുന്ന മികച്ച കൃഷി ഉദ്യോഗസ്ഥർക്കുള്ള സംസ്ഥാനതല അവാർഡുകൾക്കായി താഴെ പറയുന്ന ഉദ്യോഗസ്ഥരെ തിരഞ്ഞെടുത്തു.

## പ്രിൻസിപ്പൽ കൃഷി ഓഫീസർ / കൃഷി ജോയിന്റ് ഡയറക്ടർ

ഒന്നാം സ്ഥാനം
(50,000/- രൂപയും പ്രശംസാപത്രവും ഫലകവും)

**ശ്രീമതി. ജയലളിത. എസ്**
കൃഷി അഡീഷണൽ ഡയറക്ടർ, കെ എസ് എസ് ഡി എ, തൃശ്ശൂർ

രണ്ടാം സ്ഥാനം
(25,000/- രൂപയും പ്രശംസാപത്രവും ഫലകവും)

**ശ്രീമതി. ഉഷാദേവി. റ്റി. ആർ.**
പ്രിൻസിപ്പൽ കൃഷി ഓഫീസർ, കാസർഗോഡ്.

മൂന്നാം സ്ഥാനം
(15,000/- രൂപയും പ്രശംസാപത്രവും ഫലകവും)

**ശ്രീമതി. ശ്രീദേവി. എം.**
പ്രിൻസിപ്പൽ കൃഷി ഓഫീസർ, എറണാകുളം.

## കൃഷി ഡെപ്യൂട്ടി ഡറക്ടർ

ഒന്നാം സ്ഥാനം
(12,500/- രൂപയും പ്രശംസാപത്രവും ഫലകവും)

**1. ശ്രീമതി. സുജ ജോർജ്ജ്**
കൃഷി ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
**2. ശ്രീമതി. ശോശാമ്മ. കെ. എം**
കൃഷി ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.

## കൃഷി അസിസ്റ്റന്റ് ഡയറക്ടർ

ഒന്നാം സ്ഥാനം
(25,000/- രൂപയും പ്രശംസാപത്രവും ഫലകവും)

**ശ്രീമതി. സുശീല. റ്റി**
കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ഇരിഞ്ഞാലക്കുട

രണ്ടാം സ്ഥാനം
(15,000/- രൂപയും പ്രശംസാപത്രവും ഫലകവും)

**ശ്രീമതി. സരസ്വതി. എ. കെ.**
കൃഷി അസിസ്റ്റന്റ് ഡയറക്ടർ, കുഴൽമന്ദം, പാലക്കാട്.

മൂന്നാം സ്ഥാനം
(5,000/- രൂപയും പ്രശംസാപത്രവും ഫലകവും)

**1. ശ്രീമതി. ഗീത. പി. ടി**
കൃഷി അസിസ്റ്റന്റ് ഡയറക്ടർ, വണ്ടൂർ, മലപ്പുറം
**2. ശ്രീമതി. ബിജി തോമസ്**
കൃഷി അസിസ്റ്റന്റ് ഡയറക്ടർ, മുളന്തുരുത്തി, എറണാകുളം)



## കൃഷി ഓഫീസർ

ഒന്നാം സ്ഥാനം

(25,000/- രൂപയും പ്രശംസാപത്രവുംഫലകവും)

**ശ്രീമതി. ശ്രീലേഖ പി.**
കൃഷി ഓഫീസർ,
കൃഷി ഭവൻ, ഇടയൂർ, മലപ്പുറം

രണ്ടാം സ്ഥാനം

(15,000/- രൂപയും പ്രശംസാപത്രവുംഫലകവും)

**ശ്രീ. രാധാകൃഷ്ണൻ. പി.കെ.**
കൃഷി ഓഫീസർ (Rtd.)
കൃഷി ഭവൻ, മയ്യിൽ, കണ്ണൂർ

മൂന്നാം സ്ഥാനം

(10,000/- രൂപയും പ്രശംസാപത്രവും ഫലകവും)

**ശ്രീ. സുജീഷ്.എസ്**
കൃഷി ഓഫീസർ,
കൃഷി ഭവൻ, പുന്നയൂർ, ചാവക്കാട്, തൃശ്ശൂർ

## കൃഷി അസിസ്റ്റന്റ്

ഒന്നാം സ്ഥാനം

(25,000/- രൂപയും പ്രശംസാപത്രവുംഫലകവും)

**ശ്രീ. രമേശൻ.കെ**
കൃഷി അസിസ്റ്റന്റ്
കൃഷി ഭവൻ, പെരിങ്ങോംവയക്കര, കണ്ണൂർ

രണ്ടാം സ്ഥാനം

(7,500/- രൂപയും പ്രശംസാപത്രവും ഫലകവും)

1. **ശ്രീമതി. സരിത.ആർ**
കൃഷി അസിസ്റ്റന്റ് (ഗ്രേഡ് 1)
കൃഷി ഭവൻ, മരുതറോഡ്, പാലക്കാട്.
2. **ശ്രീ. നിഷാന്ത് പുതിയ വീട്ടിൽ**
കൃഷി അസിസ്റ്റന്റ്
കൃഷി ഭവൻ, പിലീക്കോട്, കാസർഗോഡ്.

മൂന്നാം സ്ഥാനം

(5,000/- രൂപയും പ്രശംസാപത്രവും ഫലകവും)

1. **ശ്രീ.ജയാനന്ദൻ പി.**
കൃഷി അസിസ്റ്റന്റ (ഗ്രേഡ് 1)
കൃഷി ഭവൻ, അങ്ങാടിപുറം. മലപ്പുറം.
2. **ശ്രീ. സുനിൽകുമാർ.കെ.പി.**
കൃഷി അസിസ്റ്റന്റ്
കൃഷി ഭവൻ, മുളൻതുരുത്തി, എറണാകുളം.

## ഏറ്റവും മികച്ച മണ്ണുസംരക്ഷണ ഉദ്യോഗസ്ഥർ

### ക്ഷോണിപ്രിയ അവാർഡ്

25000 രൂപ, ഫലകം, പ്രശംസാപത്രം

**ശ്രീ. വി. എം. അശോക് കുമാർ**
ജില്ലാ മണ്ണു സംരക്ഷണ ഓഫീസർ, കാസറഗോഡ്

### ക്ഷോണി സഹായക് അവാർഡ്

15000 രൂപ, ഫലകം, പ്രശംസാപത്രം

**ശ്രീമതി. അമ്പിളി പി.**
മണ്ണു സംരക്ഷണ ഓഫീസർ, മൂവാറ്റുപുഴ, എറണാകുളം

### ക്ഷോണി സേവക് അവാർഡ്

10000 രൂപ, ഫലകം, പ്രശംസാപത്രം

**ശ്രീ. വിശ്വനാഥൻ എ.**
ഓവർസീയർ, ആലത്തൂർ, പാലക്കാട്

## ഏറ്റവും മികച്ച മണ്ണുപര്യവേഷണ ഉദ്യോഗസ്ഥർ

### അസിസ്റ്റന്റ് ഡയറക്ടർ

ഒന്നാം സ്ഥാനം

**ശ്രീമതി. ബേബി ജോർജ്**
അസിസ്റ്റന്റ് ഡയറക്ടർ (സോയിൽ സർവ്വേ)
കോട്ടയം

രണ്ടാം സ്ഥാനം

**ശ്രീമതി. ആർ. അനിത**
അസിസ്റ്റന്റ് ഡയറക്ടർ (സോയിൽ സർവ്വേ)
കൊല്ലം

**ശ്രീമതി. എൻ. വി. ശ്രീകല**
അസിസ്റ്റന്റ് ഡയറക്ടർ (സോയിൽ സർവ്വേ)
തൃശൂർ

മൂന്നാം സ്ഥാനം

**ശ്രീമതി പി. പ്രീതി**
അസിസ്റ്റന്റ് ഡയറക്ടർ (സോയിൽ സർവ്വേ)
മലപ്പുറം

**ശ്രീമതി ഇന്ദു ഭാസ്കർ**
അസിസ്റ്റന്റ് ഡയറക്ടർ (സോയിൽ സർവ്വേ)
ആലപ്പുഴ

### സോയിൽ സർവ്വേ ഓഫീസർ

ഒന്നാം സ്ഥാനം

**ശ്രീമതി. കെ. ബിനി**
സോയിൽ സർവ്വേ ഓഫീസർ
കോട്ടയം

രണ്ടാം സ്ഥാനം

**ശ്രീമതി. എ. ആർ. രശ്മി**
സോയിൽ സർവ്വേ ഓഫീസർ
എറണാകുളം

മൂന്നാം സ്ഥാനം

**ശ്രീ. ബിജസ്റ്റിൻ**
സോയിൽ സർവ്വേ ഓഫീസർ
കൊല്ലം



## റിസർച്ച് അസിസ്റ്റന്റ്

| | |
|---|---|
| ഒന്നാം സ്ഥാനം | **ശ്രീമതി എൻ. മൃദുല**<br>റിസർച്ച് അസിസ്റ്റന്റ്, RSAL<br>തൃശൂർ |
| രണ്ടാം സ്ഥാനം | **ശ്രീമതി. ഇ.കെ. റഹിയാനത്ത്**<br>റിസർച്ച് അസിസ്റ്റന്റ്, HSAL<br>വയനാട് |
| മൂന്നാം സ്ഥാനം | **ശ്രീമതി വി.എ. അനിഷ**<br>റിസർച്ച് അസിസ്റ്റന്റ്, RSAL<br>തൃശൂർ |

## ഏറ്റവും മികച്ച ഹോർട്ടികൾച്ചർ മിഷൻ ഉദ്യോഗസ്ഥർ

| | |
|---|---|
| ഒന്നാം സ്ഥാനം | **ശ്രീമതി റോസിലിൻ സെബാസ്റ്റ്യൻ**<br>കൃഷി ഡെപ്യൂട്ടി ഡയറക്ടർ (Hort.),<br>കോട്ടയം |
| രണ്ടാം സ്ഥാനം | 1) **ശ്രീമതി ലേഖാ കാർത്തി**,<br>കൃഷി ഡെപ്യൂട്ടി ഡയറക്ടർ (Hort.),<br>എറണാകുളം<br>2) **ശ്രീമതി. ലതാ ജി പണിക്കർ**,<br>കൃഷി ഡെപ്യൂട്ടി ഡയറക്ടർ (Hort.),<br>ആലപ്പുഴ |
| മൂന്നാം സ്ഥാനം | 1) **ശ്രീമതി. സാലി വി ജോസഫ്**,<br>കൃഷി ഡെപ്യൂട്ടി ഡയറക്ടർ (Hort.),<br>തിരുവനന്തപുരം.<br>2) **ശ്രീമതി. കല.എ**,<br>കൃഷി ഡെപ്യൂട്ടി ഡയറക്ടർ (Hort.),<br>തൃശ്ശൂർ |

## മികച്ച ജില്ലാതല ഹോർട്ട്നെറ്റ് മാനേജ്മെന്റ് ഓഫീസർ

| | |
|---|---|
| ഒന്നാം സ്ഥാനം | **ശ്രീ. ബിമൽ ഘോഷ്**<br>കൃഷി ഡെപ്യൂട്ടി ഡയറക്ടർ (Hort.)<br>കോട്ടയം |
| രണ്ടാം സ്ഥാനം | **ശ്രീമതി. ജോളി അലക്സ്**,<br>കൃഷി ഡെപ്യൂട്ടി ഡയറക്ടർ (Hort.)<br>കണ്ണൂർ |
| മൂന്നാം സ്ഥാനം | **ശ്രീ. സുരേഷ്. ബി**,<br>കൃഷി ഡെപ്യൂട്ടി ഡയറക്ടർ (Hort.)<br>പാലക്കാട് |



ഫാം ഇൻഫർമേഷൻ ബ്യൂറോ